മാധ്യമം • ഞായർ • 21 ജൂലൈ 2019 • ലക്കം 1623
വാരാദ്യ മാധ്യമം
varadyam@madhyamam.in


അഗസ്ത്യാർകൂട മലനിരകളിലെ അണകാൽ ഊരിലെ ആർത്തവക്കുടിലുകൾ

● ചിത്രം: അഹമ്മദ് നദാൻ



**ആർത്തവത്തിൻെറ വേദനദിനങ്ങൾ ഒറ്റപ്പെടലിൻെറയും ഭയപ്പാടിൻെറയും ദിനങ്ങളായിക്കണ്ട് ഈ കാലത്തും തീണ്ടാരിക്കുടിലുകളിൽ കഴിയേണ്ടിവരുന്ന പെണ്ണുങ്ങളെക്കുറിച്ച്...**

# അയിത്തക്കുടിലുകൾ

നിസാർ പുതുവന

തൊട്ടുകൂടായ്മയെയും തീണ്ടിക്കൂടായ്മയെയും നാം നാടുകടത്തിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. പുതിയ തലമുറക്ക് അയിത്തത്തെക്കുറിച്ച് കേട്ടുകേൾവി മാത്രമാണുള്ളത്. എന്നാലും തൊട്ടുകൂടായ്മ അതിൻെറ അസ്ഥി വിട്ടുപോയിട്ടില്ല. പല കോലത്തിലും രൂപത്തിലും അത് ഇന്നും നമുക്കിടയിലുണ്ട്. അതിൻെറ നിലവിലുള്ള രൂപമാണ്. ആർത്തവക്കുടിലുകൾ. തീണ്ടാരിപ്പുരകളെന്നും ഇതിനു പേരുണ്ട്. ഇന്നും ചിലർക്കിടയിൽ ആർത്തവം അശുദ്ധംതന്നെയാണ്. ആർത്തവമുള്ള സ്ത്രീകളെ അടുക്കളയിൽ കടത്താതിരിക്കുക, വീട്ടിലെ ഉപകരണങ്ങളിലും ഭക്ഷണസാധനങ്ങളിലും അവരെ തൊടീക്കാതിരിക്കുക, കിടപ്പറയിൽനിന്ന് മാറ്റിത്താമസിപ്പിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ഇന്നും വലിയൊരു വിഭാഗത്തിനിടയിൽ നടന്നുപോരുന്നുണ്ട്. ശബരിമല ക്ഷേത്രത്തിൽ യുവതീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി വന്നപ്പോഴാണ് ആർത്തവവും അയിത്തവുമായി ബന്ധപ്പെട്ട ചർച്ചകൾ മലയാളികൾക്കിടയിൽ വീണ്ടും സജീവ ചർച്ചയായത്.

ആദിവാസി വിഭാഗമായ കാണികൾ താമസിക്കുന്ന തിരുവനന്തപുരം അഗസ്ത്യാർകൂട മലനിരകളിലെ അണകാൽ ഊരുവാസികൾക്കിടയിൽ ഇന്നും ആർത്തവകാലത്ത് പെണ്ണുങ്ങൾ കഴിഞ്ഞുകൂടുന്നത് തീണ്ടാരിക്കുടിലുകൾ എന്ന പേരിലുള്ള അയിത്തക്കുടിലുകളിലാണ്. കൊടുംകാടിനുള്ളിൽ പേടിച്ചുവിറച്ച് ഒരു സുരക്ഷയുമില്ലാതെ അഞ്ചാറു ദിവസം ഒറ്റക്ക് കഴിയേണ്ട ദുരവസ്ഥ ഈ കാലത്തും സ്ത്രീസുരക്ഷക്ക് കോടാനുകോടി മുടക്കുന്ന ഒരു രാജ്യത്തെ പെണ്ണുങ്ങൾക്കുണ്ടാകുന്നു എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന വാർത്തയാണ്. അണകാൽ ഊരിലെ അയിത്തക്കുടിലിനെക്കുറിച്ചും അവിടത്തെ ഋതുമതികളായ പെൺകുട്ടികളുടെ ഒരാഴ്ചക്കാലത്തെ പേടിജീവിതത്തെക്കുറിച്ചും പറയാം...

2018 നവംബറിലാണ് തമിഴ്നാട്ടിൽ ഗജ ചുഴലിക്കാറ്റ് ആഞ്ഞുവീശുന്നത്. തഞ്ചാവൂർ ജില്ലയിലെ ആനൈക്കടവ് വില്ലേജിലെ വിജയലക്ഷ്മി എന്ന 14 വയസ്സുകാരി പെൺകുട്ടിക്ക് കനത്ത ചുഴലിക്കാറ്റിലും മിന്നലിലും പെട്ട് ജീവൻ നഷ്ടപ്പെട്ടു. വിജയലക്ഷ്മിക്ക് ആദ്യമായി ആർത്തവം ആയതിനെ തുടർന്ന് വീടിന് സമീപത്തെ ആർത്തവക്കുടിലിലാണ് വീട്ടുകാർ അവളെ താമസിപ്പിച്ചിരുന്നത്. ഗജ ആഞ്ഞുവീശാൻ തുടങ്ങിയ ദിവസം മുതൽ അവൾ കുടിലിൽ കിടക്കാൻ പേടിയാണെന്ന് വീട്ടുകാരോട് കെഞ്ചിപ്പറഞ്ഞു. പക്ഷേ, ആചാരം തെറ്റിക്കാൻ വീട്ടുകാർ തയാറല്ലായിരുന്നു. ഒടുക്കം നവംബർ 16ന് വീശിയടിച്ച കാറ്റിൽ ആർത്തവക്കുടിലിന് പുറത്തേക്ക് നിലംപൊത്തിയ മരത്തിനടിയിൽപെട്ട് അവൾ ക്രൂരമായി കൊല്ലപ്പെട്ടു. പട്ടുകോട്ടൈ ഗവ. ആശുപത്രിയിലെത്തിച്ചപ്പോഴേക്കും അവൾ മരിച്ചിട്ട് മണിക്കൂറുകളായിരുന്നു. അന്താരാഷ്ട്ര മാധ്യമങ്ങൾ വരെ റിപ്പോർട്ട് ചെയ്തിട്ടും വിഷയം രാജ്യത്ത് വേണ്ടത്ര ചർച്ചയായില്ല. അതാണ് ആചാരങ്ങളുടെ കരുത്ത്. ആർത്തവക്കുടിലുകളുടെ ഏറ്റവും വലിയ ദുരന്തചിത്രം കാണണമെങ്കിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി മുതുവാൻ ആദിവാസി സെറ്റിൽമെൻറുകളിൽ പോയാൽ മതിയാകും. ഒന്നും രണ്ടുമല്ല, 2000 ആദിവാസി യുവതികളാണ് അതിൻെറ ദുരന്തം പേറേണ്ടിവന്നത്. ആർത്തവക്കുടിലുകളിൽ ഒറ്റക്ക് പേടിച്ചരണ്ട് കഴിയുന്നതിൽനിന്ന് രക്ഷപ്പെടാൻ ആദിവാസിപ്പെണ്ണുങ്ങൾ കോൺട്രാസെപ്റ്റിവ് ഗുളികകൾ വിഴുങ്ങുന്നതിൻെറ ദുരന്തങ്ങൾ ഏറെ വൈകിയാണ് പുറംലോകം അറിഞ്ഞത്. ആർത്തവം നിലക്കുന്നതിനും ആർത്തവദിനങ്ങൾ നീട്ടിവെക്കുന്നതിനും വേണ്ടിയാണ് ഈ ഗുളികകൾ കഴിച്ചിരുന്നത്. രാത്രികാലങ്ങളിൽ ആർത്തവ കുടിലുകളിൽ ഒറ്റക്ക് കഴിയാൻ ഭയന്ന സ്ത്രീകൾ ആർത്തവദിനങ്ങൾ നീട്ടാൻ വേണ്ടി തുടർച്ചയായി 'മാലാ -ഡി' പോലെയുള്ള ഗുളികകൾ കഴിച്ചു. 18 കിലോമീറ്റർ കാട്ടിലൂടെ സഞ്ചരിച്ച് മൂന്നാറെത്തിയാണ് ഇവർ ഗുളികകൾ വാങ്ങിയിരുന്നത്. മുതുവാൻ ആദിവാസികളുടെ 28 സെറ്റിൽമെൻറുകളാണ് അവിടെയുള്ളത്. 2000 ത്തിലധികം സ്ത്രീകൾ അവിടെ തുടർച്ചയായി ഈ ഗുളികകൾ കഴിച്ചു. തുടർച്ചയായി എട്ട് വർഷം വരെ ഗുളിക കഴിച്ചവരുണ്ട്. ഇതേതുടർന്ന് 177 സ്ത്രീകൾ പൂർണമായും വന്ധ്യരായി. സ്ത്രീകൾക്കിടയിൽ ശാരീരിക അസ്വസ്ഥത കൂടിവന്നപ്പോഴാണ് വിഷയം പുറംലോകമറിയുന്നത്. വ്യാപക ബോധവത്കരണത്തിലൂടെയാണ് പ്രശ്നത്തിന് പിന്നീട് പരിഹാരമായത്. ഭരണകൂടം ഇടപെട്ട് ആർത്തവകാലങ്ങളിൽ സ്ത്രീകൾക്ക് തങ്ങാനായി സുരക്ഷിതമായ കോൺക്രീറ്റ് മുറികൾ വെച്ചുനൽകിയാണ് ഇതിന് പരിഹാരം കണ്ടത്. ഇതിനെ തുടർന്നുള്ള അന്വേഷണമാണ് അണകാൽ ഊരിലെ തീണ്ടാരി കുടിലുകളിൽ എത്തിച്ചത്.

തിരുവനന്തപുരം അഗസ്ത്യാർകൂട മലനിരകളിൽ പാർക്കുന്ന കാണി ആദിവാസി ഊരുകളിൽ ഏറ്റവും ഉയരത്തിലാണ് അണകാൽ ഊര്. മറ്റു കാണി ഊരുകളിൽനിന്ന് തികച്ചും വ്യത്യസ്തമായ ജീവിതരീതിയാണ് ഇവരുടേത്. ആചാരങ്ങളെയും വിശ്വാസങ്ങളെയും ശക്തമായി മുറുകെ പിടിക്കുന്നവർ. ആ വിശ്വാസത്തിൻെറ ഭാഗമായാണ് ഇവർ തങ്ങളുടെ വീടുകൾ പോലും പഴയ രീതിയിൽ നിലനിർത്തിപ്പോരുന്നത്. അണകാൽ ഊരിൽ നിലവിൽ 70 പേരാണുള്ളത്. കുട്ടികളും സ്ത്രീകളും മുതിർന്നവരും അടക്കമുള്ളവരുടെ എണ്ണമാണിത്. 18 വീടുകളിലായാണ് ഇവർ താമസിക്കുന്നത്. മിക്ക വീടുകളും കാട്ടുപുല്ലുകൊണ്ടു മേഞ്ഞതും ഈറകൊണ്ട് ചുമരൊരുക്കിയതുമാണ്. ഇങ്ങനെയുണ്ടാക്കിയ ഒറ്റമുറി വീടുകളിലാണ് കുടുംബത്തിലെ അംഗങ്ങൾ എല്ലാവരും കഴിയുന്നത്. മിക്ക വീട്ടിലും ഇനിയും വൈദ്യുതിപോലും എത്തിയിട്ടില്ല. സംസ്ഥാനം സമ്പൂർണ വൈദ്യുതീകരണം ആക്കുന്നതിൻെറ ഭാഗമായി ഇവിടെയെത്തിയ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരെ ഊരുവാസികൾതന്നെ മടക്കിയയക്കുകയായിരുന്നു. പുതിയ വാർക്ക വീടുകൾ നിർമിക്കാനും ഇവർ തയാറല്ല. സർക്കാർ സംവിധാനങ്ങളുടെ നിരന്തര ഇടപെടലിനെ തുടർന്ന് ഈയടുത്താണ് ഊരിലെ കുട്ടികൾ വിദ്യാഭ്യാസം തേടിത്തുടങ്ങിയത്. ഇപ്പോഴും സ്കൂൾ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട നിരവധി കുട്ടികളെ നമുക്ക് ഊരിൽ കാണാം. ഒമ്പതുവയസ്സുകാരൻ ഈച്ചൂട്ടി അവരിൽ ഒരാളാണ്. അക്ഷരം പഠിച്ചാൽ മലദൈവം കോപിക്കുമെന്ന് വിശ്വസിക്കുന്നതിനാലാണ് ഇവർ കുട്ടികളെ സ്കൂളിലേക്ക് അയക്കാത്തത്. പെൺകുട്ടികളുടെ കാര്യമാണ് അതിലും കഷ്ടം. അവരിൽ വലിയൊരു ശതമാനം ഇന്നും നിരക്ഷരരാണ്. ഇത്രമേൽ ആചാരങ്ങൾ മുറുകെപ്പിടിച്ചു ജീവിക്കുന്നവർക്കിടയിലാണ് വളരെ സ്വാഭാവികം എന്ന നിലക്ക് അയിത്തക്കുടിൽ സമ്പ്രദായം നിലനിൽക്കുന്നത്.


അണകാൽ ഊരിലെ ലക്ഷ്മി

കാട്ടിലെ വിശ്വാസങ്ങൾക്കൊപ്പമുള്ള ആചാരങ്ങളിൽപെട്ടതാണ് തീണ്ടാരിക്കുടിലുകൾ. ഇന്നും നിലനിൽക്കുന്ന വിശ്വാസങ്ങളുടെ ഭാഗമായാണ് അവരുടെ വീടുകളോടു ചേർന്നു കാണുന്ന പനയോലകൊണ്ടു മറച്ച ചെറിയ കുടിലുകൾ. ഒരു മഴച്ചാറ്റലിനെ പോലും താങ്ങിനിർത്താൻ കെൽപില്ലാത്ത ഈ കുടിലുകളിലാണ് ആ ഊരിലെ വയസ്സറിയിച്ച പെൺകുഞ്ഞുങ്ങൾ മാസത്തിൽ ഒരാഴ്ച തള്ളിനീക്കുന്നത്. അതുവരെ തങ്ങൾ തൊട്ടിടപഴകിയിരുന്ന എല്ലാം ആ ദിവസങ്ങളിൽ മാത്രം അന്യമായിപ്പോകുന്നതിൻെറ നൊമ്പരങ്ങൾക്കപ്പുറം അവരെ ഭരിക്കുന്നത് ഉള്ളുലയുന്ന ഭയമാണ്.

സന്ധ്യ കഴിഞ്ഞാൽ ശരിക്കും ഒറ്റക്കാകും. ഇഴജന്തുക്കൾ ഏതു നിമിഷവും കയറിവരാം. കാട്ടുജന്തുക്കളെയും കള്ളന്മാരെയും ഭയക്കണം. മിക്ക ദിവസങ്ങളിലും കാട്ടാനയിറങ്ങും. ഊരുകളോടു ചേർന്നുള്ള കൃഷിയിടങ്ങളാകും അവയുടെ ലക്ഷ്യം. പലപ്പോഴും കുടിലിൻെറ തൊട്ടടുത്തുവരെ വന്നിട്ട് അവ മടങ്ങിപ്പോകും. മലദൈവങ്ങളുടെ കാവലുകൊണ്ടു മാത്രമാണ് തങ്ങൾക്ക് ഒന്നും സംഭവിക്കാത്തതെന്ന് ഊരിലെ പെണ്ണുങ്ങൾ പറയുന്നു. മ്ലാവുകളും കാട്ടുപന്നികളും കാട്ടുപോത്തുകളുമൊക്കെ ദിനവും ഊരുകളിലെത്തും. കൂട്ടായി കഴിയുമ്പോൾ അതിനോടൊന്നും പേടിതോന്നിയിട്ടില്ല. പക്ഷേ, ഒറ്റക്കാകുന്ന ദിവസങ്ങളിൽ പ്രാണഭയം കാരണം ശ്വാസംപോലും നിലച്ചുപോകുമെന്ന് അവർ പറയുന്നു.

## കാടോളം കരുത്തുള്ള പെണ്ണ്

ലക്ഷ്മി അണകാൽ ഊരിലെ തലമുതിർന്ന സ്ത്രീയാണ്. ലച്ച്മി എന്നാണ് ഊരുവാസികൾ വിളിക്കുന്നത്. മൂന്ന് ആൺമക്കൾക്കൊപ്പം അണകാൽ ഊരിലാണ് താമസം. ഊരിൽനിന്ന് ഗർഭിണികളെ ആശുപത്രികളിൽ കൊണ്ടുപോയിത്തുടങ്ങിയത് ഈ അടുത്ത കാലത്താണ്. അതിനു മുമ്പ് കാട്ടിലെ സ്ത്രീകളുടെയൊക്കെ പ്രസവം എടുത്തിരുന്നത് ലച്ച്മിയാണ്. ഓപറേഷൻ ടേബിളിൽ ഉപയോഗിക്കുന്ന മൂർച്ചയേറിയ കത്തിയേക്കാൾ മൂർച്ചയുള്ള ഈറയുടെ ഇലയുടെ അറ്റംകൊണ്ട് അവർ പൊക്കിൾകൊടി മുറിച്ച് പച്ചമരുന്നുകൾ തേച്ചുപിടിപ്പിച്ച് രക്ഷചെയ്തു. അണകാൽ ഊരിൽ ഇപ്പോൾ കൗമാരക്കാരായ കുട്ടികളൊക്കെ ലച്ച്മിയുടെ കൈയിലേക്കാണ് ജനിച്ചുവീണത്. അതിലവർ അഭിമാനിക്കുന്നു. കാടോളംതന്നെ കരുത്തുള്ള സ്ത്രീ. നല്ല ധൈര്യവുമുണ്ട്. നാട്ടിൽനിന്ന് വന്നതാണെന്ന് പറഞ്ഞപ്പോൾ ലച്ച്മി നിർത്താതെ സംസാരിച്ചു. കൃഷിയെ കുറിച്ചും ആൺമക്കൾക്കിടയിൽകിടന്ന് ഗുസ്തിപിടിക്കുന്നതിനെ കുറിച്ചും ഒക്കെ ലച്ച്മി വാചാലയായി. പക്ഷേ, തീണ്ടാരിക്കുടിലിനെ കുറിച്ച് ചോദിച്ചപ്പോൾ അവർ ഒരു നിമിഷം മൗനിയായി. കാട്ടുമൃഗങ്ങളേക്കാൾ ഭയമാണ് അവർക്ക് ആ ഒറ്റപ്പെടലിനെ. തീണ്ടാരിക്കുടിലിൽ പാർക്കവേ വിഷജന്തുക്കൾ കടിച്ചിട്ടുള്ള ചില സ്ത്രീകളുടെ അനുഭവവും പങ്കുവെച്ചു ലച്ച്മി.

കാടിന് ഒരു വന്യതയുണ്ട്. രാത്രികളിൽ അത് കൂടുതൽ ഭീകരമാകും. കൂട്ടിന് ആളുള്ളപ്പോൾ മാത്രമാണ് അത് ആസ്വദിക്കാൻ കഴിയുക. അല്ലാത്തപ്പോൾ അത് ഭയമാണ് പകർന്നുനൽകുക. തന്നാലാകുന്ന ഭാഷയിൽ ലച്ച്മി ഒറ്റപ്പെടലിൻെറ രാത്രികളെ കുറിച്ച് സംസാരിച്ചു. കുട്ടികളൊക്കെ പള്ളിക്കൂടത്തിൽ പഠിക്കാൻ പോയിത്തുടങ്ങിയ സ്ഥിതിക്ക് ഈ പേടിദിനങ്ങളും അയിത്തക്കുടിലുകളും ഒക്കെ മാഞ്ഞുപോകും എന്നുതന്നെയാണ് ലച്ച്മിയും അവരപ്പോലെയുള്ള പെണ്ണുങ്ങളും വിശ്വസിച്ചുപോരുന്നത്. ആദിവാസിക്ഷേമത്തിന് കോടികൾ മുടക്കുന്ന സർക്കാറും ഇതിനൊക്കെയായി പ്രത്യേക വകുപ്പുകളുമുള്ള ഈ നാട്ടിൽ ഈ അയിത്തക്കുടിലുകൾ തുടരുന്നുണ്ട് എന്ന വാർത്തതന്നെ ഒരു അദ്ഭുതമാണ്. ഇനിയെങ്കിലും ഈ വിഷയത്തിൽ അധികാരികളുടെ കണ്ണെത്തും എന്ന് പ്രതീക്ഷിക്കാം. കാട്ടിലെ പാർവതിയും മാലയും മഞ്ജുവുമൊക്കെ ഈ കുടിലൊന്ന് ഒഴിഞ്ഞുകിട്ടാൻ കാത്തിരിക്കുന്നവരാണ്. •

## ചൗപദിയുടെ ഒടുവിലത്തെ ഇരയായി അംബയും കുരുന്നുകളും


ആർത്തവം ഏറ്റവും അശുദ്ധമായി കാണുന്ന ജനതയാണ് നേപ്പാൾ നിവാസികൾ. ആർത്തവകാലത്ത് സ്ത്രീകൾ ഒറ്റക്ക് കഴിയണം എന്ന ദുരാചാരത്തിന് നേപ്പാളിൽ പറയുന്ന പേരാണ് ചൗപദി. വീടു പണിയുമ്പോൾതന്നെ ഇവർ ആർത്തവകാലത്ത് സ്ത്രീകൾക്ക് കഴിയാൻ വീടിനോട് ചേർന്ന് കുടിലുകളും പണിയും. ആർത്തവ ദിനങ്ങൾ ഇതിൽ കഴിച്ചുകൂട്ടുന്നതിനാണ് ചൗപദി എന്ന് പറയുന്നത്. ആ ദിവസങ്ങളിൽ മറ്റുള്ളവരെ കാണാനോ സംസാരിക്കാനോ പാടില്ല. തികച്ചും ഒറ്റപ്പെട്ട ജീവിതം. അടുത്തിടെയാണ് നേപ്പാളിലെ കാഠ്മണ്ഡു വെസ്റ്റേൺ ബാജുര ജില്ലയിൽ അംബ ബോഹാര എന്ന സ്ത്രീയും അവരുടെ പത്തും പന്ത്രണ്ടും വയസ്സുള്ള രണ്ട് ആൺമക്കളും കുടിലിനുള്ളിൽ പുകയിൽ ശ്വാസംമുട്ടി മരിച്ചത്.

കൊടും തണുപ്പു കാലത്താണ് അംബ ആർത്തവക്കാരിയായത്. തണുപ്പിൽനിന്ന് രക്ഷനേടാൻ ഇവർ രാത്രിയിൽ വീട്ടിൽ ആരും കാണാതെ പുറത്തിറങ്ങി കുടിലിനു സമീപം തീകൂട്ടി. ഇതിൻെറ പുക കുടിലിൽ നിറഞ്ഞാണ് അംബയും ആൺമക്കളും മരിച്ചത്.

അംബയുടെ ഭർതൃമാതാവ് രാവിലെ ഉറക്കമുണർന്ന് കുട്ടികളെ കാണാതെ സംശയം തോന്നിയതിനെ തുടർന്ന് കുടിൽ തുറന്ന് പരിശോധിച്ചപ്പോഴാണ് മൂന്നുപേരും പുക ശ്വസിച്ച് മരിച്ചുകിടക്കുന്നത് കണ്ടത്. ജനാലകളോ വായുസഞ്ചാരത്തിന് മറ്റു മാർഗങ്ങളോ ഇല്ലാതെയാണ് ആർത്തവക്കുടിലുകൾ പണിയുക. ചൗപദി എന്ന ദുരാചാരത്തിൻെറ നേപ്പാളിലെ ഏറ്റവും ഒടുവിലത്തെ ഇരയാണ് അംബയും മക്കളുമെന്ന് അന്തർദേശീയ മാധ്യമങ്ങൾ പറയുന്നു.

സംഭവത്തിൽ അന്വേഷണം നടക്കുകയാണെന്ന് പൊലീസ് മേധാവി ഉദ്ദബ് സിങ് പറഞ്ഞു. ആർത്തവസമയത്ത് കഴിയുന്ന ഈ കുടിലുകൾക്ക് ചൗഗോത്ത് എന്നാണ് പറയുന്നത്. പരമ്പരാഗത കുടിലിൽ പെണ്ണുങ്ങൾ ഒറ്റക്കാണ് കഴിയേണ്ടത്. മതപരമായ കാര്യങ്ങൾക്കും വിലക്കുണ്ട്. കഴിഞ്ഞവർഷം ആർത്തവസമയത്ത് കുടിലിൽ കഴിഞ്ഞ പെൺകുട്ടി പാമ്പുകടിയേറ്റ് മരിച്ചിരുന്നു. ഇതേതുടർന്ന് നേപ്പാൾ പാർലമെൻറ് ചൗപദി ക്രിമിനൽ കുറ്റമാക്കിയിരുന്നു. മൂന്നുമാസം തടവും 3000 രൂപ പിഴയുമാണ് ശിക്ഷ. 2005ൽ ചൗപദി ക്രിമിനൽ കുറ്റമായി നേപ്പാൾ സുപ്രീംകോടതിയും വിധിച്ചിട്ടുള്ളതാണ്.


പ്രാകൃതമായ ഈ ദുരാചാരം ഇന്നും തുടരുന്നു എന്നതിൻെറ തെളിവാണ് അംബയുടെ മരണം എന്ന് വാർത്തകൾ പറയുന്നു. അന്തർദേശീയ മനുഷ്യാവകാശ കോടതിയും വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്.

02  സിനിമക്ക് അർഥമുണ്ടാക്കിയ ഛായാഗ്രാഹകൻ

04  കാർഗിലിലെ ആളില്ലാ ഗ്രാമങ്ങൾ

അനുസ്മരണം

# സിനിമക്ക് അർഥമുണ്ടാക്കിയ ഛായാഗ്രാഹകൻ


ജയരാജ്


എം.ജെ. രാധാകൃഷ്ണൻ

**അന്തരിച്ച ചലച്ചിത്ര ഛായാഗ്രാഹകൻ എം.ജെ. രാധാകൃഷ്ണനെ ഓർക്കുകയാണ് സംവിധായകൻ ജയരാജ്. ജയരാജിൻെറ അന്താരാഷ്ട്ര ശ്രദ്ധനേടിയ പല ചിത്രങ്ങൾക്കും കാമറ ചലിപ്പിച്ചത് എം.ജെ. രാധാകൃഷ്ണൻ ആയിരുന്നു**

ജയരാജ്

സിനിമ ചെയ്യുമ്പോൾ എൻെറ മനസ്സിൽ ഉരുത്തിരിഞ്ഞുവരുന്ന സീനുകൾ കഥാപാത്രങ്ങളുടെ ജീവനറ്റുപോകാതെ മാജിക്കൽ വിഷ്വൽസിലൂടെ അർഥവത്താക്കിയ ഛായാഗ്രാഹകനായിരുന്നു കഴിഞ്ഞ ദിവസം അന്തരിച്ച എം.ജെ. രാധാകൃഷ്ണൻ. എൻെറ മനസ്സിനൊപ്പം സഞ്ചരിച്ച് എല്ലാ സിനിമകൾക്കും അദ്ദേഹം അർഥമുണ്ടാക്കി. ഏഴു തവണ മികച്ച ഛായാഗ്രാഹകനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡും നിരവധി രാജ്യാന്തര പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തിയത് ആ ഫ്രെയിമുകളുടെ മനോഹാരിതകൊണ്ടായിരുന്നു. രാധാകൃഷ്ണനുമായി 'ദേശാടനം' തൊട്ടുള്ള ബന്ധമാണ്. അഴകപ്പനെയായിരുന്നു ഛായാഗ്രാഹകനായി നിശ്ചയിച്ചിരുന്നത്. തിരക്കുകാരണം എത്താൻ സാധിക്കാത്തതിനാൽ അദ്ദേഹമാണ് രാധാകൃഷ്ണനെ പരിചയപ്പെടുത്തുന്നത്.

1996ലെ 'ദേശാടനം' പരീക്ഷണാടിസ്ഥാനത്തിലുള്ള സിനിമയായിരുന്നു. ലഭ്യമായ വെളിച്ചത്തിൽ ഷൂട്ട് ചെയ്യുക എന്നതായിരുന്നു പ്രധാന വെല്ലുവിളി. വലിയൊരു പരീക്ഷണമായിരുന്നു അത്. ഏറ്റവും ലളിതമായ അന്തരീക്ഷത്തിൽ ഫിലിമിലാണ് അദ്ദേഹം ഷൂട്ട് ചെയ്തത്. ആ പരീക്ഷണത്തിലെ വലിയ വിജയം എന്തെന്നാൽ ഒരോ രംഗവും കൃത്യമായി തിയറ്ററുകളിൽ പ്രകടമായി എന്നതാണ്. ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ കിട്ടാവുന്ന തരത്തിൽ അതിൻെറ കാമറവർക്ക് ശ്രദ്ധേയമായിരുന്നു. ഈ സിനിമയിൽ രണ്ട് വശങ്ങളുണ്ട്. ഫിലോസഫിക്കലും ദൈവികവുമായ ആംഗിളായിരുന്നു ഒന്ന്. ഒരു ഗോൾഡൻ അപ്രോച് ചില ഭാഗങ്ങളിൽ ലൈറ്റിനുണ്ടായിരുന്നു. മറ്റുചില സമയങ്ങളിൽ ജീവിതത്തിൻെറ കടുത്ത യാഥാർഥ്യങ്ങളുടെ വേദനയുണ്ട്. ഇവ രണ്ടും കൃത്യമായ അളവിലാണ് ഉൾച്ചേർന്നിരിക്കുന്നത്. ഈ കൃത്യത സീനുകളുടെ അർഥതലങ്ങൾ ഓർമിപ്പിക്കുന്നു. ഒരു സിനിമയെ എങ്ങനെ ദൃശ്യങ്ങളിലൂടെ സമർഥമായി മനുഷ്യരിലേക്ക് എത്തിക്കാമെന്നതിൽ രാധാകൃഷ്ണൻെറ സംഭാവന വലുതാണ്. ആ അർഥത്തിൽ ഇന്ത്യൻ സിനിമക്ക് കൂടുതൽ അർഥമുണ്ടാക്കിയവയാണ് അദ്ദേഹത്തിൻെറ ഫ്രെയിമുകൾ. ദേശാടനം സിനിമയുടെ ആത്മാവ് ചോർന്നുപോകാതെയാണ് അദ്ദേഹം ഫ്രെയിമുകളെ മനോഹരമാക്കിയത്. കഥാപാത്രങ്ങളുടെ നോവും തേങ്ങലും ദൈവികപശ്ചാത്തലങ്ങളും മനോഹരമായി ഒപ്പിയെടുത്തു.

പിന്നീടുവന്ന 'കളിയാട്ട'വും സ്വാഭാവിക വെളിച്ചത്തിൽ, ഫിലിമിൽ ഷൂട്ട് ചെയ്ത സിനിമയാണ്. കൂടുതൽ സീനുകളും രാത്രിയാണ്. സിനിമയുടെ ടൈറ്റിൽ സീനിൽതന്നെ അദ്ദേഹത്തിൻെറ പ്രതിഭ കാണാം. കറുപ്പ് പശ്ചാത്തലത്തിൽ അഗ്നിയിൽനിന്ന് പടർന്നു കയറുന്ന തീക്കനലിലൂടെയാണ് (നെരിപ്പ്) ആ സിനിമ തുടങ്ങുന്നത്. തീച്ചാമുണ്ഡി കെട്ടുന്ന തെയ്യക്കാരൻെറയും തീച്ചാമുണ്ഡിയുടെയുമൊക്കെ ദൃശ്യചാരുത ചോർന്നുപോകാതെ അദ്ദേഹം സുന്ദരമാക്കി. അവസാനം തീയിൽ എരിഞ്ഞടങ്ങുന്ന പെരുമലയൻെറ രംഗം വരെ പ്രേക്ഷകനെ വല്ലാത്ത ഒരു ലോകത്തെത്തിക്കുന്നുണ്ട്. ഈ സിനിമ ഷൂട്ട് ചെയ്തത് പാലക്കാടൻ മലനിരകളിലാണ്. പയ്യന്നൂർ, കണ്ണൂർ, കാസർകോട് എന്നീ തെയ്യങ്ങളുടെ ലോകത്തുനിന്നു മാറി മറ്റൊരു തലത്തിലേക്ക് വരുന്നു അത്. പല സീനുകളിലും ടോർച്ച് തെളിയിച്ച് തീപ്പന്തത്തിൻെറ ലൈറ്റ് തയാറാക്കിയിട്ടുണ്ട്. കാറിൻെറ ഹെഡ് ലൈറ്റ് ഉപയോഗിച്ചും രാത്രി ഷൂട്ട് ചെയ്തിട്ടുണ്ട്. എല്ലാ പരിമിതികളെയും അതിജീവിച്ച് ലൈറ്റിങ് നടത്തിയിട്ടുപോലും ഫിലിമിൽ ഷൂട്ട് ചെയ്ത ഒരു സിനിമ ദേശീയ അംഗീകാരങ്ങളിലേക്കെത്തി. എനിക്കും സുരേഷ് ഗോപിക്കുമൊക്കെ അംഗീകാരം കിട്ടുന്ന സിനിമയായി അത് മാറി.

കണ്ണകിയുടെ കഥാപാത്രത്തിനും അന്തരീക്ഷത്തിനും ആരോപിക്കപ്പെടുന്ന ഒരു ദുരൂഹതയുണ്ട്. ആ ദുരൂഹത കരിമ്പനകളുടെകൂടി പശ്ചാത്തലത്തിലുള്ള അന്തരീക്ഷമാണ്. ലൈറ്റിങ്ങിലൂടെ വേണം ആ ദുരൂഹതയുണ്ടാക്കാൻ. കഥയുടെ ആഴങ്ങളിലേക്ക് ഇറങ്ങിപ്പോകുന്ന തരത്തിൽ ഛായാഗ്രാഹകൻകൂടി ചേർന്ന് അതിന് അർഥം കൊടുത്തു. സിനിമ പൂർത്തിയാകുമ്പോൾ ഇതും കഥയുടെ ഭാഗമായി മാറുകയാണ്. ഈ ഒരു ആത്മാവ് അദ്ദേഹത്തിൻെറ എല്ലാ സിനിമകളിലും കാണാം. ഇങ്ങനെയാണ് അതിഭാവുകത്വങ്ങളില്ലാതെ ഒരു സിനിമയോടോ കഥയോടോ ചേർന്ന് ഛായാഗ്രാഹകൻ നിൽക്കുന്നത്. രാധാകൃഷ്ണൻെറ സിനിമകളിൽ ഫോട്ടോഗ്രഫി മോശമായി എന്ന് പറയാനാവില്ല. ഫോട്ടോഗ്രഫി കൊള്ളാം, സിനിമ നന്നായില്ല എന്ന് ചില സന്ദർഭങ്ങളിൽ പറയാറുണ്ടല്ലോ. സിനിമയും ഫോട്ടോഗ്രഫിയും വേർതിരിക്കാൻ പറ്റാത്ത പോലെ ഇഴുകിച്ചേർത്ത് കാവ്യാത്മകമായാണ് അദ്ദേഹത്തിൻെറ ചിത്രീകരണം.

ഒരിക്കലും കഥക്ക് ആവശ്യമുള്ളതിൽ കൂടുതൽ ഒരു ഫ്രെയിമിനെ മഹത്ത്വവത്കരിക്കാൻ ശ്രമിക്കാറില്ല. അതാണ് അദ്ദേഹത്തിൻെറ കഴിവ്. പല കാമറാമാൻമാരും അത് മനസ്സിലാക്കാതെ ചെയ്യുന്നവരുണ്ട്. കഥയുടെ, സിനിമയുടെ പൂർണമായ അർഥം നോക്കി മാത്രമേ അദ്ദേഹം ലൈറ്റിങ്ങിനെ സമീപിക്കൂ. കഥയും ഛായാഗ്രഹണവും വേർതിരിക്കാനാകാത്ത വിധം സിനിമയോട് ചേർന്നുനിൽക്കും. എൻെറയും അടൂരിൻെറയും രാധാകൃഷ്ണൻെറ മറ്റു സിനിമകളിലും ഈ ആത്മാവ് സിനിമയുടെ കൂടെ ചേർന്നുനിൽക്കുന്നത് കാണാനാകും.

'ഒറ്റാൽ' സിനിമയുടെ ദൃശ്യഭംഗി ആ കഥക്ക് ആവശ്യമുള്ളതാണ്. ഒരു കുട്ടിക്ക് ജീവിതത്തിൽ നഷ്ടപ്പെടുന്നത് അവൻെറ പ്രപഞ്ചമാണ്. ബാലവേല ചെയ്യുന്നവന് നഷ്ടമാവുന്നത് ഭൂമിയിലെ എല്ലാ സൗഭാഗ്യങ്ങളുമാണ്. അതിൻെറ ഭംഗി മുഴുവൻ കുട്ടനാടിൻെറ മനോഹാരിതയിൽ സുന്ദരമായി അദ്ദേഹം ഒപ്പിയെടുത്തു. കഥാപാത്രത്തിൽനിന്ന് വേർപെട്ടുപോകാതെയാണ് കാമറ ചലിച്ചത്. പിന്നീട് അവൻ ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത ഇരുട്ടിലേക്ക് ചെല്ലുമ്പോൾ ദുരന്തപൂർണമായ കറുപ്പായി മാറുന്നു. ഇരുട്ടിന് ഇത്രയും ഭംഗിയും അർഥവും നമുക്ക് തോന്നുന്നത് അദ്ദേഹത്തിൻെറ ഫ്രെയിമിലാണ്. 'മകൾക്ക്', 'ഗുൽമോഹർ' തുടങ്ങി പല സിനിമകളിലും ഈ ദൃശ്യഭംഗി കാണാം. മകൾക്ക് എന്ന സിനിമയിൽ കൂടുതലും ഇരുണ്ട ഇടനാഴികളും മനോനില നഷ്ടപ്പെട്ടവരുടെ വഴികളുമാണ്. എവിടെയോ ഒരു പ്രതീക്ഷയുടെ കടലുണ്ട്. ഇരുണ്ട പ്രതീക്ഷകളിലേക്ക് അദ്ദേഹം കാമറ ചലിപ്പിച്ചു. മകൾക്ക്, ഒറ്റാൽ സിനിമകളിൽ പൂർണമായി സമർപ്പിച്ച ഛായാഗ്രാഹകനാണ് അദ്ദേഹം. ഗുൽമോഹറിൽ ഒരു വിപ്ലവകാരിയുടെ മനസ്സുണ്ട്. സംഗീതവുമായി ചേർന്ന അന്തരീക്ഷത്തിൽ ജ്വലിക്കുന്ന ഒരു ശക്തി എവിടെയോ സിനിമയിലുണ്ട്. 'താലോലം' എന്ന സിനിമയിൽ ഒരു വലിയ ദുരന്തസത്യം മനസ്സിലൊതുക്കുന്ന ഒരച്ഛൻെറയും അമ്മയുടെയും മനസ്സുണ്ട്. അത് വിങ്ങലാണ്. ഇത് മുഴുവൻ സിനിമയിലൂടെ പറയാൻ പറ്റുന്നത് ദൃശ്യങ്ങളിലൂടെ മാത്രമാണ്. ഈ ദൃശ്യങ്ങൾക്ക് അർഥം നൽകുന്നത് രാധാകൃഷ്ണനാണ്. അതുകൊണ്ടാണ് ഒരംശംപോലും മുകളിലും താഴെയുമല്ലാതെ സിനിമ നിൽക്കുന്നത്. സിനിമയുടെ ശബ്ദം മുഴുവൻ ഓഫ് ചെയ്ത് വിഷ്വൽസ് മാത്രം കണ്ടാലും ഇതേ അർഥത്തിൽ സിനിമ പ്രേക്ഷകരുടെ മനസ്സിലേക്ക് കയറുന്നു. ഞാൻ കണ്ട രാധാകൃഷ്ണൻ യഥാർഥത്തിൽ സന്യാസതുല്യനായ മനുഷ്യനാണ്. അദ്ദേഹത്തിൻെറ ചിന്തകളിലും പ്രവൃത്തികളിലും സംസാരത്തിലുമൊക്കെ ഒരു ശാന്തതയുണ്ടായിരുന്നു. ഒരുപാട് കാലം ജീവിതത്തിൻെറ അർഥമന്വേഷിച്ച് കണ്ടെത്തിയ ഒരു സന്യാസിയുടെ ശാന്തത ആ കണ്ണുകളിലും അനക്കങ്ങളിലും കാണാം. അതുകൊണ്ടുതന്നെ അദ്ദേഹം ചെയ്യുന്ന പ്രവൃത്തികളിലും അദ്ദേഹത്തിൻെറ ലൈറ്റിങ്ങുകളിലും ആ ശാന്തത നിലനിന്നിരുന്നു. പല സിനിമകളും ഷൂട്ട് ചെയ്യാൻ പോകുമ്പോൾ അദ്ദേഹത്തിൻെറ കൈയിൽ എം.ഡി. രാമനാഥൻെറ കച്ചേരികളുടെ കലക്ഷൻസുണ്ടാകും. എം.ഡി. രാമനാഥൻെറ ആലാപനശൈലി ഞാൻ കേൾക്കുന്നത് അദ്ദേഹത്തിൽനിന്നാണ്. രാവിലെ സംഗീതം ആസ്വദിച്ച് മനസ്സിനെ ഒരുക്കുന്ന ഒരു ഛായാഗ്രാഹകനെ അപൂർവമായിട്ടേ കണ്ടിട്ടുള്ളൂ. നേരം വെളുക്കുമ്പോൾ മുറിയിൽനിന്ന് ഘനഗംഭീരമായ എം.ഡിയുടെ കച്ചേരി കേൾക്കാം. ഷൂട്ടിങ്ങിനുള്ള ഒരുക്കമാണ്. അത്രമാത്രം കർണാടക സംഗീതത്തിൽ ലയിച്ചുപോയിരുന്നു. അദ്ദേഹം ഒപ്പിയെടുക്കുന്ന ദൃശ്യങ്ങൾക്ക് സംഗീതത്തിൻെറ ആത്മാവുണ്ടായിരുന്നു. കർണാടക സംഗീതത്തിൽ എം.ഡി. രാമനാഥന് ഉണ്ടായിരുന്ന വേറിട്ട ശൈലിപോലെ ഛായാഗ്രഹണ പാടവത്തിൽ എം.ജെ. രാധാകൃഷ്ണനും കാലത്തെ അതിജീവിക്കുന്നൊരു ശൈലി ഉണ്ടായിരുന്നു. കഥാപാത്ര ജീവിതങ്ങളും ഭംഗിയുള്ള പശ്ചാത്തലങ്ങളുമെല്ലാം തിരശ്ശീലയിലെത്തിച്ച എം.ജെയെ പോലൊരു ഛായാഗ്രാഹകൻ ഇനിയില്ലെന്നത് ഇന്ത്യൻ സിനിമക്ക് നികത്താനാവാത്ത നഷ്ടംതന്നെയാണ്.



തയാറാക്കിയത്
• ഉണ്ണി സി. മണ്ണാർമല

# മരണത്തിൻ മൂകമാം താഴ്വരയിൽ

**1964ൽ എ. വിൻസൻറിൻെറ സംവിധാനത്തിൽ പിറന്ന ഭാർഗവീനിലയം മലയാളത്തിന് അതിമനോഹരമായ ഒരുപിടി പാട്ടുകൾ സമ്മാനിച്ച ചിത്രമായിരുന്നു**

എ.എസ്. മുഹമ്മദ്കുഞ്ഞി

*പൊട്ടിത്തകർന്ന കിനാവുകൊണ്ടൊരു*
*പട്ടുനൂലൂഞ്ഞാല കെട്ടീ ഞാൻ.*
*കാലക്കടലിൻെറ അക്കരെയക്കരെ*
*മരണത്തിൻ മൂകമാം താഴ്വരയിൽ*
*കണ്ണുനീർകൊണ്ട് നനച്ചു വളർത്തിയ*
*കൽക്കണ്ട മാവിൻെറ കൊമ്പത്ത്*
*കൽക്കണ്ട മാവിൻെറ കൊമ്പത്ത്.*
*ആകാശ തീരത്തിൽ നീലവെളിച്ചത്തിൽ...*

ഈ വരികൾ ഓർക്കുന്നുണ്ടാവുമല്ലോ. ഭാർഗവീനിലയത്തിലെ എസ്. ജാനകി ആലപിച്ച ഒരു ഗാനത്തിൻെറ ശകലമാണിത്. കാലക്കടലിൻെറ അക്കരെ... മരണത്തിൻ മൂകമാം താഴ്വര... കണ്ണുനീർകൊണ്ട് നനച്ചുവളർത്തിയ കൽക്കണ്ട മാവിൻെറ കൊമ്പത്ത്, ആകാശതീരത്തിൽ നീലവെളിച്ചത്തിൽ... ആത്മാധിനാഥനെ കാത്തിരുന്നു... തുടങ്ങിയ പ്രയോഗങ്ങൾ, തീർച്ചയായും ശ്രോതാവിനെ ഒരഭൗമ ലോകത്തെത്തിക്കാൻ പര്യാപ്തമാണ്. ബാബുരാജിൻെറ ചിട്ടപ്പെടുത്തലിൽ എസ്. ജാനകിയുടെ ഉയർത്തിയും താഴ്ത്തിയുമുള്ള ശബ്ദവിന്യാസവും മാറ്റൊലിയും അതിനേറെ ആക്കം കൂട്ടുന്നു. ആ വരികളും ഗാനചിത്രീകരണവും പരസ്പരം വേർപെടുത്താനാവാത്തവിധം പിണഞ്ഞുകിടക്കുന്നു. നിഴലും വെളിച്ചവുംകൊണ്ടുള്ളൊരു മാജിക് അവിടെ ദർശിക്കാവുന്നതാണ്.


എ. വിൻസൻറ്


വൈക്കം മുഹമ്മദ് ബഷീർ

സിനിമയിൽ മധു അവതരിപ്പിച്ച സാഹിത്യകാരൻെറ മുന്നിൽ അരണ്ട വെളിച്ചത്തിൽ നിശ്ചലമായ വസ്തുക്കൾ പതുക്കെ ഇളകുന്നതായി കാണുന്നത്, ഗ്രാമഫോൺ തനിയെ പ്രവർത്തിക്കുന്നത്, ചിലപ്പോൾ നിതാന്ത നിശ്ചലം, മറ്റിടവേളകളിൽ ചലിക്കുന്ന ഊഞ്ഞാൽ, ഭാർഗവി ഇരുന്നാടുന്നത്, അവളുടെ ശരീരത്തിൽ നിഴലും വെളിച്ചവും മാറിമാറി വീഴുന്നത്... ഒരു ഹൊറർ ഇഫക്ട് സൃഷ്ടിക്കാൻ ആ ഷോട്ടുകൾക്ക് പൂർണമായും സാധിച്ചിട്ടുണ്ട്. നിഴലും വെളിച്ചവും പരമാവധി ഉപയോഗിച്ച ആ ഷോട്ടുകൾ. മലയാളത്തെ സംബന്ധിച്ചിടത്തോളം അന്നത്തെ സാങ്കേതിക പരിമിതിയിൽ നിന്നുകൊണ്ട് വിൻസെൻറ് മാസ്റ്റർ ചെയ്തുവെച്ചത് ആശ്ചര്യകരംതന്നെ. മലയാള സിനിമയുടെ ആ കാലത്തെ സംബന്ധിച്ചിടത്തോളം വിസ്മയകരവും. കാലത്തെ വെല്ലുന്ന ചിത്രീകരണമെന്നതിനെ വിശേഷിപ്പിക്കാം.

ഭാർഗവീനിലയം കണ്ട പ്രേക്ഷകരുടെ മനസ്സിൽനിന്ന് സിനിമ വിട്ടുപോയാലും ഈ കുറിപ്പിൻെറ തുടക്കത്തിൽ ചേർത്തതുപോലുള്ള വരികൾ അവരെ പിന്തുടർന്നുകൊണ്ടേയിരിക്കും. ഹൊറർ സിനിമയുടെ സ്വാഭാവികതക്കുവേണ്ടി നിഴലും വെളിച്ചവുംകൊണ്ട് ഗാനവീചികൾക്കിടയിലെ മൗനം ജ്വലിപ്പിച്ച് രംഗത്തിന് വല്ലാത്തൊരു മാനം സൃഷ്ടിച്ചിരിക്കുന്നു. അതിന് ബ്ലാക്ക് ആൻഡ് വൈറ്റ് ഫിലിമുകൾ ഏറെ സഹായകരമായി എന്നുവേണം പറയാൻ. ഭാർഗവീനിലയമാണ് മലയാളത്തിലെ ആദ്യ ഹൊറർ പടം. പിൽകാലത്ത് വന്ന ഹൊറർ ചിത്രങ്ങൾക്കൊന്നും ഭാർഗവീനിലയത്തിൻെറ നിലവാരത്തിലെത്താൻ സാധിക്കാതെ പോയി. തിരക്കഥയുടെ ആഴവും പരപ്പും അതിനു പ്രേരണയായി. വൈക്കം മുഹമ്മദ് ബഷീറിൻെറ തൂലികയിൽനിന്നാണ് അത് വാർന്നുവന്നത്. ബഷീറിൻെറ നീലവെളിച്ചം എന്ന കഥയാണല്ലോ ഭാർഗവീനിലയമായി രൂപാന്തരപ്പെട്ടത്. ഒരു ബഷീർ സാഹിത്യ സംസ്കൃതിയും ഭാഷയും സിനിമയിലേക്കു പകർത്തിയെഴുതാൻ ഛായാഗ്രഹണത്തിൽ ഏറെക്കാലം വിഹരിച്ച് തഴക്കം വന്ന വിൻസെൻറ് മാസ്റ്റർക്ക് സംവിധായകനെന്നനിലയിൽ സാധ്യമായി. ബാബുരാജാണ് സംഗീതമൊരുക്കിയത്. സംഗീതം സിനിമയുടെ ജീവനാഡിയായി. ഭാസ്കരൻ മാഷിൻെറ അന്യാദൃശമെന്ന് വിശേഷിപ്പിക്കാവുന്ന രചനകളെയെല്ലാം ഒരു ഹൊറർ മൂവിക്ക് അനുയോജ്യമാംവിധം അദ്ദേഹം ചിട്ടപ്പെടുത്തിയെന്നത് എടുത്തുപറയേണ്ടതുതന്നെ. അതിനു കുറിക്കുകൊള്ളാൻ ഏറെയും ബാബുക്ക ഉപയോഗിച്ചത് ഹിന്ദുസ്ഥാനി രാഗങ്ങളും. ഭാർഗവീനിലയം എന്ന ക്ലാസിക് ഏറെ ചർച്ചയാവേണ്ട ഒരു സമയമാണിത്. വൈക്കം മുഹമ്മദ് ബഷീറിൻെറ 25ാം ചരമ വാർഷികം. തൊട്ടതെല്ലാം പൊന്നാക്കിയ മലയാളത്തിൻെറ സുകൃതം വിടപറഞ്ഞിട്ട് കാൽനൂറ്റാണ്ട് തികയുന്നു. മറ്റൊന്ന്, 'ഭാർഗവീനിലയ'ത്തിലെ കേന്ദ്ര കഥാപാത്രമായ ഭാർഗവിയെ അനശ്വരമാക്കിയ നടി വിജയനിർമല ജൂണിൽ വിടപറഞ്ഞു. മലയാളത്തിലെ പ്രേക്ഷകർ കണ്ടുമടുത്ത മുഖങ്ങളെ ഒഴിവാക്കി തമിഴ്, തെലുങ്ക് അഭിനേത്രി വിജയനിർമലക്ക് ഭാർഗവിയുടെ വേഷം നൽകിയതും സിനിമയുടെ പ്ലസ്പോയൻറായി. അവരുടെ ആ നിഷ്കളങ്ക ഭാവം ഭാർഗവി എന്ന കഥാനായികയെ വളരെ തന്മയത്വത്തോടെ ചിത്രത്തിൽ കോറിയിടാൻ സഹായിച്ചു. പിൽകാലത്ത്, ഇന്ത്യയിൽ ഏറ്റവുമധികം സിനിമകൾ സംവിധാനം ചെയ്ത വനിത (ഒരുപക്ഷേ, ലോകത്തുതന്നെ) എന്ന ഖ്യാതിയും വിജയനിർമലയുടെ പേരിലുണ്ട്. ഭാർഗവീനിലയത്തിലെ ഏഴുഗാനങ്ങളും മികച്ചവയാണ്. താമസമെന്തേ വരുവാൻ... എന്ന ഗാനം യേശുദാസ് മലയാളത്തിൽ പാടിയ എക്കാലത്തെയും മനോഹര ഗാനങ്ങളിൽ ഒന്നായി എണ്ണപ്പെടുന്നു. മലയാള ഗാനാസ്വാദകർ നെഞ്ചിലേറ്റിയ ഈ ഗാനം യേശുദാസ് സ്വന്തം ഇഷ്ടഗാനങ്ങളിലൊന്നായും ചേർത്തുവെച്ചിട്ടുണ്ട്. വാസന്തപഞ്ചമിനാളിൽ... എന്ന എസ്. ജാനകി ആലപിച്ച ഗാനവും അവരുടെ ഹിറ്റ് ഗാനങ്ങളിലൊന്നാണ്. കമുകറ ആലപിച്ച ഏകാന്തതയുടെ അപാരതീരം... കഥയിലെ സാഹിത്യകാരന് ഒരു ബഷീർ പരിവേഷം നൽകാനുപകരിച്ചു. •


എം.എസ്. ബാബുരാജ്


വിജയനിർമല

## കത്തുകൾ



### എഴുത്തിലെ നിത്യനൂതനത്വം

ലക്കം 1622ൽ വാസുദേവൻ കുപ്പാട്ട് എഴുതിയ 'കഥ പറഞ്ഞ കണ്ണാന്തളിപ്പൂക്കൾ' വായിച്ചു. 86ാം വയസ്സിലേക്കു പ്രവേശിക്കുന്ന പ്രശസ്ത സാഹിത്യകാരൻ എം.ടി. വാസുദേവൻ നായർക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. മലയാള സാഹിത്യത്തെ സമ്പന്നമാക്കിയ അദ്ദേഹത്തെക്കുറിച്ച് നിരവധി പഠനഗ്രന്ഥങ്ങളും മറ്റും ഇറങ്ങിയിട്ടുണ്ട്. എഴുത്തിൽ നിത്യനൂതനത്വം കാത്തുസൂക്ഷിക്കുന്ന അപൂർവം എഴുത്തുകാരിൽ ഒരാളാണ് എം.ടി. വിദൂരസാഹിത്യ സ്വരൂപങ്ങളെ അറിയുമ്പോഴും തൻെറ ഗ്രാമമായ കൂടല്ലൂരിൻെറ സൗമ്യ സംസ്കാരത്തിലും ഭാരതപ്പുഴയുടെ ശീതളി മയിലും അഭിരമിക്കുന്ന മഹാ സാഹിത്യകാരനാണ് അദ്ദേഹം. സ്വന്തം ദേശത്തെ കൃതികളിൽ അടയാളപ്പെടുത്തിയ വേറെയും എഴുത്തുകാർ മലയാളത്തിലുണ്ട്. കുട്ടനാടിൻെറ കഥാകാരൻ തകഴി, ലോകയാത്ര കഴിഞ്ഞ് വന്നാലും കോഴിക്കോടൻ നഗരത്തെയും തെരുവീഥികളെയും കഥയിലൂടെ ആലിംഗനം ചെയ്യുന്ന എസ്.കെ പൊറ്റെക്കാട്ട്, തൃക്കോട്ടൂർ പെരുമയെ നിത്യസാന്നിധ്യമാക്കുന്ന യു.എ. ഖാദർ തുടങ്ങി കുറെപേർ. പുഴയുടെ ഇല്ലായ്മയെക്കുറിച്ച് വിലപിക്കുന്ന എം.ടിക്ക് പ്രകൃതിയെ കുറിച്ച് ഇനി ഒന്നും പറയാൻ ഇല്ല.
രമേഷ് ബാബു
ചെറിയ മങ്ങാട്

### അക്ഷരസ്നേഹികളുടെ തീർഥാടന കേന്ദ്രങ്ങൾ

'കഥ പറഞ്ഞ കണ്ണാന്തളിപ്പൂക്കൾ' വായിച്ചു. ഒരു ഗ്രാമം ഒരു എഴുത്തുകാരനാൽ അടയാളപ്പെടുകയെന്നത് എത്ര വലിയ ഭാഗ്യമാണ്. 86ൻെറ നിറവിലെത്തുന്ന എഴുത്തുകാരൻെറ ജന്മനാട്ടിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്ന എഴുത്ത് അവസരോചിതമായി. വൈക്കം മുഹമ്മദ് ബഷീറിൻെറ ബേപ്പൂരും തകഴിയുടെ കുട്ടനാടും ഒ.വി. വിജയൻെറ തസ്രാക്കും മലയാളി അക്ഷരസ്നേഹികൾക്ക് ഏറെ പ്രിയപ്പെട്ട ഇടങ്ങളാണ്. അതുപോലെതന്നെയാണ് കൂടല്ലൂർ ഗ്രാമവും. സാഹിത്യസ്നേഹികളുടെ മനം കുളിർപ്പിക്കുന്ന തീർഥാടന കേന്ദ്രങ്ങളാണ് അവയെല്ലാം.
ടി.പി. ഫൈസൽ
അഞ്ചച്ചവിടി

### എം.ടിക്ക് പിറന്നാൾ ആശംസകൾ

86ാം പിറന്നാളിലെത്തിയ മലയാളത്തിൻെറ വരദാനം എം.ടിയെക്കുറിച്ച് വാസുദേവൻ കുപ്പാട്ടെഴുതിയ ലേഖനം ഹൃദ്യമായി. 40 വർഷത്തിലധികമായി എം.ടിയെ വായിക്കുകയും എം.ടിയെക്കുറിച്ചു വായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണെങ്കിലും ഈ ലേഖനം വായിക്കുമ്പോൾ ഒരു പുതുമ അനുഭവപ്പെട്ടു. മാസങ്ങൾക്ക് മുമ്പ് കുട്ടക്കടവിൽ ബസിറങ്ങാനും കൂടല്ലൂരും പരിസരങ്ങളും സന്ദർശിക്കാനും ഭാഗ്യമുണ്ടായി. ആ യാത്രയുടെ ഓർമകളുടെ അകമ്പടിയിൽ ഈ ലേഖനം അതി ഹൃദ്യമായി അനുഭവപ്പെട്ടു.
മായിൻ കുട്ടി
അണ്ടത്തോട്

### അറിയപ്പെടാത്ത കവി

ലക്കം 1622 വാരാദ്യമാധ്യമത്തിൽ ശമീർ കരിപ്പൂർ എഴുതിയ 'മുനീറിൻെറ ഖണ്ഡകാവ്യങ്ങൾ' വായിച്ചു. എന്നെപ്പോലെ പലരും കേട്ടിട്ടില്ലാത്ത മുനീർ എന്ന തൂലിക നാമത്തിൽ കവിത രചന നടത്തിയിരുന്ന പൂവത്തിങ്കൽ മുഹമ്മദ് എന്ന വലിയ കവിയെ പരിചയപ്പെടുത്തി തന്ന അത് നല്ലൊരു ലേഖനമായിരുന്നു. അദ്ദേഹത്തിൻെറ 'ജമീല'യിലെയും 'സബീദ'യിലെയും ലേഖനത്തിൽ എടുത്തുദ്ധരിച്ച വരികളിൽ കാണുന്ന ഭാഷാപ്രയോഗവും താളവും മഹാകവി മോയിൻ കുട്ടിവൈദ്യരുടെ രചനകളെ ഓർമപ്പെടുത്തുന്നതാണ്.
അശ്റഫ് മാറഞ്ചേരി

### കാസർകോട് സാഹിത്യ അവാർഡ്

കാസർകോട് പബ്ലിക് സർവൻറ്സ് സാഹിത്യ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു. വൈജ്ഞാനിക സാഹിത്യത്തിനാണ് 10,010 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ്. 2017, '18 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച പുസ്തകമായിരിക്കണം. സൃഷ്ടികളുടെ നാല് കോപ്പി ആഗസ്റ്റ് 17ന് മുമ്പ് ലഭിക്കത്തക്കവിധം രാഘവൻ ബെള്ളിപ്പാടി, സെക്രട്ടറി, കാസർകോട് പബ്ലിക് സർവൻറ്സ് സഹകരണ സംഘം ലി. നമ്പർ.സി. 290, ചന്ദ്രഗിരി റോഡ്, കാസർകോട്-671121 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 9446271118.

### ഗുരുദർശന അവാർഡ്

മേത്തല ശ്രീനാരായണ സമാജത്തിൻെറ 'ഗുരുദർശന അവാർഡിന്' കൃതികൾ ക്ഷണിക്കുന്നു. 2014 ഏപ്രിൽ ഒന്നുമുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ദാർശനിക, വൈജ്ഞാനിക സാഹിത്യ കൃതികളാണ് 20,000 രൂപയും ശിൽപവും പ്രശംസാപത്രവും അടങ്ങുന്ന അവാർഡിന് പരിഗണിക്കുന്നത്. കഴിഞ്ഞവർഷം സമർപ്പിച്ച കൃതികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. കൃതികളുടെ നാല് കോപ്പി വീതം ആഗസ്റ്റ് അഞ്ചിനു മുമ്പായി സെക്രട്ടറി, ശ്രീനാരായണസമാജം രജി. നമ്പർ: 37/64, തെക്കേനട, പി.ഒ. കൊടുങ്ങല്ലൂർ, പിൻ 680 664 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 0480 2805316

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും
രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം,
വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

കഥ



ചിത്രീകരണം: അരുൺ പെരിന്താറ്റിരി

# ഉരഗങ്ങൾ

സുബു അക്കയ്യൻ

വളരെ വലുപ്പമുള്ള സിമൻറ് പൈപ്പുകൾ ഭൂമിയിലേക്ക് താഴ്ത്തുന്നതിനായി റോഡിൻെറ നെഞ്ച് പിളർത്തി വെച്ചിരിക്കുന്നു. ആ നീളൻ പൈപ്പുകളെ ആവാഹിച്ച് റോഡിൻെറ നെഞ്ചിൻകൂട് തുന്നിക്കൂട്ടാൻ ഇനിയും സമയമെടുക്കുമെന്നാണ് പാൻപരാഗ് വിൽക്കുന്ന നിരൻഷാ പറഞ്ഞത്. അയാൾക്കിപ്പോൾ കച്ചവടം നന്നേ കുറഞ്ഞിരിക്കുന്നു. പ്രത്യേകിച്ച് കാശുകാരുടെ. അവരുടെ വലിയ കാറുകൾ നിർത്താൻ നെഞ്ചുപിളർന്നു കിടക്കുന്ന റോഡിൽ പറ്റാറില്ലത്രെ. ഷായുടെ പാൻകടയിൽനിന്ന് അണ്ണാക്കിലേക്ക് തള്ളിയ ചാർസോബീസ് ഈയൊരു സന്ധ്യക്ക് കൂടുതൽ നിറം നൽകുന്നുണ്ട്. മാനത്തും പിന്നെ തൻെറ വായ്ക്കകത്തും ബിമൽ റാം സ്വയം താനൊരു കവിയായതിൽ അഹങ്കരിച്ചുകൊണ്ട് കരിങ്കൽ പാകിയ പാതയിലേക്ക് പാൻപരാഗ് നീട്ടിത്തുപ്പി. ഭൂപടം പോലെ അതിർത്തികൾ നിർവചിക്കാനാവാതെ അതങ്ങനെ പരന്നുകിടക്കുന്നു. ഇന്ന് അവൻെറ കുരവള്ളിക്കു ഞാൻ പിടിക്കും. ബിമൽ മനസ്സിലുറപ്പിച്ചു. അവൻ അത്രക്ക് വല്യ ആളോ... അതും എന്നോട്. ബിമൽ റാം ആവുന്നത്ര ശക്തിയിൽ കൈകൾ വീശി നടന്നു.

പ്രകൃതിയിൽ ഋതുക്കൾ മാറിവരുന്നതുപോലെത്തന്നെയാണ് മംഗലാപുരംകാരിയുടെ ആയൊരു ഇടം. മാറിമാറി വരുന്നവർ. മാറിമാറി വരുന്ന നിശ്വാസങ്ങൾ, മാറിമാറി വരുന്ന വാട നിറഞ്ഞ മുറികൾ. ഇവിടെയല്ലേ എല്ലാ സമത്വവുമുള്ളത്. നാനാത്വത്തിൽ ഏകത്വം ഉദ്ഘോഷിക്കുന്ന ഇടം ഇതുതന്നെ. രാഷ്ട്രീയമില്ല. മതമില്ല. ഒന്നുമില്ല. എല്ലാവർക്കും മാറിമാറി വരുന്ന ഋതുക്കളുടെ സൗന്ദര്യവും സൗരഭ്യവും മാത്രം നുകർന്നാൽ മതി.

പെരുന്നാൾ സമയത്ത് ഒട്ടേറെ ബഹളത്തോടെ നോമ്പുതുറക്കു വേണ്ടിയുള്ള കാരക്കകൾ വിൽക്കുന്ന ട്രോളികളിൽനിന്നുള്ള കച്ചവടക്കാരുടെ ആർപ്പുകളും അതിനു മുകളിൽ അവർ കത്തിച്ചുവെച്ചിരിക്കുന്ന സാമ്പ്രാണിപ്പുകയും ആസ്വദിച്ച് ബിമൽ റാം നേരെ നടന്നു. കണ്ണടച്ചാലും ബിമൽ അവിടെത്തന്നെ എത്തും. അത്രക്ക് പരിചിതമാണ് ബിമലിൻെറ കാലുകൾക്ക് ആ വഴികൾ.

കരകര ശബ്ദമുള്ള കോണിപ്പടികൾ പതിയെ കയറിച്ചെല്ലുമ്പോൾ നനഞ്ഞ തുണികളുടെ വാട നിറഞ്ഞൊരിടം. ബിമലിനെ പ്രത്യേക ലഹരി പിടിപ്പിച്ചു. ആ പന്നി അവിടെത്തന്നെ ഉണ്ടല്ലോ. മംഗലാപുരംകാരിയുടെ കാര്യസ്ഥനാണെന്നാണ് വെപ്പ്. അവൻെറ വീർത്ത വയർ നിറയെ മാറി മാറി വന്ന ഋതുക്കളുടെ സൗരഭ്യവും സൗന്ദര്യവും ഊറ്റിയെടുത്ത് വളർത്തിയതാണ്. എന്നിട്ടാണ് അവനെൻെറ... ബിമൽ മുഖം വെട്ടിച്ചുകളഞ്ഞു. മംഗലാപുരംകാരി ഏതോ രാജ്യം ഭരിക്കുന്ന ചക്രവർത്തിനിയെപ്പോലെ ഇടുങ്ങിയ നിറം മങ്ങിയ വെളിച്ചമുള്ള ഇടനാഴിയിലൂടെ ബിമലിനെ കൊണ്ടുപോയി. കൊടുത്ത നോട്ടുകൾ കൃത്യമായി ഉണ്ടോ എന്ന് രണ്ടു വട്ടം എണ്ണി നോക്കിയശേഷം മംഗലാപുരംകാരി അവരുടെ സ്വതഃസിദ്ധമായ ശൈലിയിൽ ''ബേട്ടീ... ക്ലൈൻറ് ആയ...'' എന്നു പറഞ്ഞ് ഇടുങ്ങിയ വാതിൽ തുറന്ന് ബിമലിനെ അതിനകത്തേക്ക് തള്ളി. ''ഏക് ഗണ്ഡാ''... ആജ്ഞപോലെ മംഗലാപുരംകാരി അത് ഉറക്കെ പറഞ്ഞുകൊണ്ട് ചവിട്ടിമെതിച്ചു നടന്നുപോയി. മുറിക്കകത്ത് ഏത് ഋതുഭേദങ്ങളിൽനിന്നൊഴുകിവന്നതാണെന്ന് സ്വയമറിയാതെ നിൽക്കുന്നവൾ. പച്ചനിറത്തിലുള്ള വസ്ത്രങ്ങളായതുകൊണ്ട് ബിമൽ അവൾ വസന്തമാണെന്നുതന്നെ മനസ്സിൽ ഉറപ്പിച്ചു. അടുത്തിരുന്ന അവളുടെ കണ്ണുകളിൽ അയാൾ ഇമവെട്ടാതെ നോക്കി. കൺമഷിയിട്ട് ഉറപ്പിക്കാൻ ശ്രമിച്ചിട്ടും ജീവൻ തീരെ ഇല്ലാതായിരിക്കുന്നു. ബിമൽ പതിയെ മുടിയിഴകളെ മാറ്റി വസന്തത്തിൻെറ മുഖത്തേക്കുതന്നെ നോക്കി. ബിമൽ അത്ഭുതപ്പെട്ടു, ഒപ്പം സങ്കോചവും. വസന്തം കരയുകയാണ്. ചെറിയ മഴപോലെ അധികം ശബ്ദമില്ലാതെ നിർത്താതെ കണ്ണീരു വന്നുകൊണ്ടിരുന്നു. ബിമലിന് ആ മഴയിൽ നനഞ്ഞു കുതിർന്ന് മരവിച്ചപോലെ നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. അൽപനിമിഷങ്ങൾക്കുശേഷം അയാൾ വളരെ ബുദ്ധിമുട്ടി ചോദിച്ചു. ''ക്യാ ഹുവാ?''

വിതുമ്പലുകളെ അമർത്തിപ്പിടിക്കാൻ അവൾ വെറുമൊരു പെണ്ണാണെന്നും വസന്തമല്ലെന്നും ഋതുക്കളല്ലെന്നും കവികൾക്ക് അവരുടെ മഷിക്കുപ്പികൾ തീരുന്നതുവരെ എഴുതിത്തീർക്കാൻ പറ്റുന്ന കളിപ്പാട്ടങ്ങളല്ലെന്നും ബിമലിന് മനസ്സിലായി. പതിയെ വിങ്ങിക്കൊണ്ട് അവ്യക്തമായിട്ടാണെങ്കിലും അവളത് പറഞ്ഞു. ''മേ കോ ബൂക്ക് ലഗി ഹെ, പേട് മേം ദർദ് ഹെ...'' ഹൃദയത്തിനെന്തൊരു ഭാരം... നിറഞ്ഞൊഴുകാൻ തുടങ്ങിയ കണ്ണുകളെ അയാൾ തടുത്തില്ല. അവളുടെ കൈ പിടിച്ച് അയാൾ ഓടുകയായിരുന്നു. ആ സമയത്ത് നോമ്പുതുറക്കാനുള്ള ബാങ്ക് വിളി കേൾക്കാമായിരുന്നു. പള്ളിക്കു മുന്നിൽ നോമ്പു തുറക്കാനായി നിരത്തിവെച്ച പഴങ്ങളുടെ രുചികളിൽ അവളുടെ വിശപ്പും വേദനയും അലിഞ്ഞില്ലാതാവുന്നത് ബിമൽ നിർന്നിമേഷനായി നോക്കിനിന്നു.

തൊട്ടുമുമ്പുള്ള നിമിഷങ്ങളെ അയാൾ ഓർത്തു. അവളുടെ വലതുകൈ പിടിച്ചുകൊണ്ട് ഓടുമ്പോൾ ഇടുങ്ങിയ നരച്ച ചുമരുകളുള്ള വരാന്തയിൽനിന്നു ഞൊറികൾ വീണ ഒരു കൈകൂടി ബിമലിനുനേരെ നീണ്ടു വന്നിരുന്നു. നാഗങ്ങളുടെ ശീൽക്കാരവും പിണയലും നിറഞ്ഞ ഋതുഭേദങ്ങൾക്കിടയിൽ പലവട്ടം പടം പൊഴിഞ്ഞൊഴുകുന്ന ഉരഗങ്ങൾ വസിക്കുന്ന വാട നിറഞ്ഞ അവിടെനിന്നും അയാളുടെ നേരെ ഒരു പാട് കൈകൾ. തൻെറ നേരെ നീണ്ടുവന്ന ശോഷിച്ച കൈകൾ അയാളിൽ അനുകമ്പയും അതേസമയം അറപ്പുമുണ്ടാക്കി.

അവരിൽ പടം പൊഴിച്ചിലിൻെറ ജൈവികത അവസാനിച്ചിരിക്കുന്നു. ഇനിയൊരു പടം പൊഴിക്കലിന് ഊർജമില്ലാതെ, ചോര വറ്റി ഉമിനീരു വറ്റി കിടക്കുന്ന ഉരഗങ്ങൾ. വെറും ഇഴച്ചിലുകൾ മാത്രം.

തലപോലും ഒന്നുയർത്തിവെക്കാനാവാതെ മാറി മാറി വന്ന കാലങ്ങളിൽ പേറിയ വിയർപ്പിൻെറയും വാടയുടെയും അസ്കൃതകൾ നിറഞ്ഞവ. അവർ ബിമലിൻെറ വലതുകൈയിൽ ചേർത്തുപിടിച്ച വളകളണിഞ്ഞ അവരുടെ വർഗത്തിലെ ഉരഗത്തിനെ ഒരുവേള കനിവോടും പിന്നീട് അസൂയയോടും കൂടി അവിടത്തെ പൊത്തുകളിൽനിന്നും തലനീട്ടി നോക്കിക്കൊണ്ടിരുന്നു. ചിലരുടെയൊക്കെ കണ്ണുകളിൽ അപ്പോഴേക്കും നനവ് പടർന്നിരുന്നു... ഇനിയൊരിക്കലും പടം പൊഴിക്കാനാകാതെ, വളകളണിയാൻ പറ്റാത്ത വിലാപകാലങ്ങളെയോർത്ത്...

●

വായന

# അക്ഷരസമരങ്ങളുടെ പുസ്തകം

സുഹ്റ പടിപ്പുര

ഒറ്റക്കണ്ണിലൂടെ കാഴ്ചയുടെ വർണപ്രപഞ്ചം ഒരുക്കുന്ന ഉപകരണത്തിൻെറ പേരിലൊരു നോവൽ എന്ന കൗതുകത്തോടെയാണ് കാലിഡോസ്കോപ്പ് വായിക്കാനെടുത്തത്. ഒറ്റയിരുപ്പിൽ വായിച്ചു തീർന്നാലും -ഒരു കണ്ണല്ല, രണ്ടുകണ്ണും അടച്ചുപിടിച്ചു വീണ്ടുംവീണ്ടും നമ്മൾ വായിച്ചുകൊണ്ടേയിരിക്കും ദുർഗയെ. ചേർത്തുപിടിക്കേണ്ടവരാൽ ഉപേക്ഷിക്കപ്പെട്ടപ്പോൾ, ഒറ്റയാകലിൽ നിന്ന് ശക്തിനേടി ഉയിർത്തെഴുന്നേറ്റ ദുർഗയുടെ കഥയാണ് 'കാലിഡോസ്കോപ്പി'ലൂടെ ഷഹനാസ് എം.എ എന്ന നോവലിസ്റ്റ് വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കുന്നത്. സംഭാഷണങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ ദുർഗയുടെ തീക്ഷ്ണമായ മനോവ്യാപാരങ്ങളിലൂടെ കടന്നു പോകുന്നതിലൂടെയാണ് നോവൽ വികസിക്കുന്നത്. ദുർഗയുടെ ജീവിതത്തിൻെറ ഓരോ ഘട്ടങ്ങളിലും വായനക്കാരുടെ ഉള്ളിൽ അവളൊരു വിങ്ങലായി അവശേഷിക്കുന്നുണ്ട്, അതുതന്നെയാകാം ഈ നോവലിൻെറ വിജയവും.

കുറെ വർഷങ്ങൾക്കുശേഷം താൻ ജനിച്ചുവളർന്ന വീട്ടിലേക്ക് തിരിച്ചെത്തുന്ന ദുർഗ ആ വീട്ടിൽ ഒറ്റക്ക് താമസം ആരംഭിക്കുന്നിടത്താണ് നോവലിൻെറ തുടക്കം. അതുവരെ അവൾ എവിടെയായിരുന്നു എന്ന ചോദ്യം ചോദ്യമായിത്തന്നെ അവശേഷിക്കുന്നുണ്ടെങ്കിലും ആരാണ് ദുർഗ, എന്താണ് ദുർഗ എന്നീ ചോദ്യങ്ങൾക്കുള്ള കൃത്യമായ ഉത്തരങ്ങൾ ഓരോ അധ്യായത്തിലൂടെ കടന്നുപോകുമ്പോഴും വായനക്കാർക്ക് കിട്ടുന്നുണ്ട്. സ്വന്തം കുടുംബത്തെ അത്രമേൽ ചേർത്തുപിടിക്കാൻ കൊതിക്കുന്നൊരു മനസ്സുണ്ടായിട്ടും കുഞ്ഞുന്നാളിലേ എല്ലാം നഷ്ടപ്പെട്ട് ഒറ്റക്കായിപ്പോയ ദുർഗയെന്ന കൊച്ചു കുട്ടിയിൽനിന്ന്, ''തനിച്ചെന്നാൽ തളർന്നു എന്നല്ല- ശക്തയെന്നാണ് അർഥമെന്ന്'' ഉറക്കെപ്പറയാൻ ചങ്കൂറ്റമുള്ള ദുർഗയിലേക്ക് അവൾ വളരുമ്പോൾ നമുക്കുമുന്നിൽ മനോഹരമായൊരു നോവൽ അനാവൃതമാകുന്നു.

ചതിക്കപ്പെട്ടെന്നു മനസ്സിലാക്കി അമ്മ തള്ളിപ്പറഞ്ഞപ്പോൾ നഷ്ടപ്പെട്ട അച്ഛനും പെങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം ഒരുക്കിക്കൊടുക്കാൻ അമ്മാവൻ മുൻകൈയെടുത്ത് വീണ്ടും വിവാഹം കഴിപ്പിച്ചയച്ചപ്പോൾ അമ്മയും നഷ്ടപ്പെട്ട്, ജീവിതത്തെനോക്കി പകച്ചുനിന്ന മൂന്നു പെൺകുട്ടികളിൽ ഇളയവളാണ് ദുർഗ. 'നീയെങ്കിലും ആണായിരുന്നെങ്കിൽ അമ്മക്കൊരു തുണയായേനെ ' എന്ന് അമ്മാവൻ മുഖത്തുനോക്കിപ്പറയുമ്പോൾ ''പെണ്ണായാൽ എന്താ അമ്മേ കുഴപ്പം''എന്ന് അമ്മയെ കെട്ടിപ്പിടിച്ചു ചോദിക്കുന്ന കുഞ്ഞു ദുർഗ സ്ത്രീപക്ഷത്തിൻെറ നട്ടെല്ലുള്ള ചോദ്യമാകുന്നുണ്ട്. ''ഇനിയെത്ര ജന്മങ്ങൾ എടുത്താലും എനിക്ക് പെണ്ണായിത്തന്നെ പിറക്കണം'' എന്ന ദുർഗയുടെ നിശ്ചയദാർഢ്യം തന്നെയാണ് ഈ നോവലിനെ ഒരു സ്ത്രീപക്ഷ വായനയിലേക്ക് കൊണ്ടുപോകുന്നത്.

ജന്മംനൽകി ഉപേക്ഷിച്ച അച്ഛനേയും, ചേർത്തുപിടിക്കേണ്ടുന്ന നേരത്ത് തനിച്ചാക്കി മറ്റൊരു ജീവിതം അന്വേഷിച്ചു പോയ അമ്മയെയും ''വെറുപ്പിൻെറ ഉടയാത്ത ഭരണിയിൽ നിക്ഷേപിക്കുന്നു'' എന്ന് ദുർഗ പറയുന്നുണ്ടെങ്കിലും; ബാങ്കിൽ തൻെറ മുന്നിൽ വന്നുപെട്ട് അപരിചിതനെപ്പോലെ തിരിച്ചിറങ്ങിപ്പോയ അച്ഛനുവേണ്ടി, അദ്ദേഹത്തിന് ഇഷ്ടപ്പെട്ട കട്ടൻ ചായയുണ്ടാക്കി വരില്ലെന്നുറപ്പുണ്ടായിട്ടും ഗ്ലാസിൽ ഒഴിച്ചുവെക്കുന്ന മകൾ ഒരു നൊമ്പരമാകുന്നുണ്ട്. 'അച്ഛാ, നിങ്ങൾ എത്ര ചെറിയ മനുഷ്യനായിരുന്നു' എന്ന് ഫോട്ടോയിൽ നോക്കി ചോദിക്കുന്ന അതേ മകൾ മറ്റൊരധ്യായത്തിൽ ''കർമം ചെയ്തില്ലെങ്കിലും ജന്മം തന്നതിന് നന്ദി'' എന്ന് പറയുന്നു.

അമ്മാവൻെറ മരണദിവസം ചേച്ചിയുടെ നിർബന്ധത്തിനു വഴങ്ങിയാണെങ്കിലും അവിടെയെത്തുമ്പോൾ കൈയിൽ പിടിക്കുന്ന അമ്മയെ, മനസ്സുകൊണ്ട് കെട്ടിപ്പിടിക്കുന്ന മകളായി ദുർഗ മാറുന്നുണ്ട്. ചേച്ചിയുടെ സാരി മുഖത്തോടു ചേർത്തുപിടിച്ച് ആ ഗന്ധം ആസ്വദിക്കുന്ന അനുജത്തിക്കുട്ടിയായ ദുർഗയെയും തൻെറ അതേ ഛായയുള്ള ഒരാളെ കണ്ടുമുട്ടുന്ന സന്ദർഭത്തിൽ, അവൾ അച്ഛൻെറ ആദ്യ ബന്ധത്തിലുണ്ടായ സഹോദരിയാണെന്നുറപ്പിച്ചു 'തന്നെത്തന്നെ' അവളിൽ കാണുന്ന ദുർഗയേയും ആരുമങ്ങു, സ്നേഹിച്ചുപോകും. ഒരു കൂടപ്പിറപ്പായി.

ചിന്തകൾ കാടുകയറുമ്പോൾ അവൾക്ക് ആശ്വാസമായെത്തുന്നത് അമ്മമ്മയാണ്. ഓർമയുടെ നാളങ്ങൾ കെട്ടുപോയപ്പോഴും മറവിയിൽ ആണ്ടുപോകാതിരുന്ന തൻെറ 'രാജകുമാരി'ക്കുവേണ്ടി ഉരുളകൾ തലയണച്ചുവട്ടിൽ എടുത്തുവെച്ചു കാത്തിരുന്ന ആ സ്നേഹം തന്നെയായിരിക്കാം, പ്രതിസന്ധികളിൽ ദുർഗയെ അതിജീവിപ്പിച്ചത്..

ബൃഹത്തായ ഒരു നോവലല്ലെങ്കിലും കാലിഡോസ്കോപ്പിൽ വിരിയുന്ന വർണപ്രപഞ്ചത്തിൽ വായനക്കാരെ അലിയിച്ചു ചേർക്കാൻ കഴിഞ്ഞു എന്നത് ഷഹനാസ് എന്ന യുവ നോവലിസ്റ്റിൻെറ വിജയമാണ്. പതിനാറ് അധ്യായങ്ങളുള്ള ഈ നോവൽ ഒരു പെൺപക്ഷ വായന തരുന്നതിനൊപ്പം കൺമുന്നിലെ അനീതികൾക്കെതിരെ ചുരുങ്ങിയ വാക്കുകളിലൂടെ ശക്തമായി ശബ്ദമുയർത്തുന്നുമുണ്ട്.

നിയമത്തിൻെറ ചുവപ്പുനാടയിൽ കുരുങ്ങിപ്പോകുന്ന ജീവിതങ്ങൾ, ട്രാൻസ്ജെൻഡേഴ്സ് അനുഭവിക്കുന്ന ദുരിതങ്ങൾ, ബുദ്ധിമാന്ദ്യമുള്ള പെൺകുഞ്ഞുങ്ങളോടുപോലും ക്രൂരത കാണിക്കുന്ന സമൂഹം, മനുഷ്യത്വമില്ലാതാകുന്ന മതങ്ങൾ എന്നിവയെക്കുറിച്ചെല്ലാം നിലപാടുകൾ ഉറക്കെ വിളിച്ചുപറയുന്നു എഴുത്തുകാരി.

''പ്രകൃതിയും സ്ത്രീയും ഒരുപോലെ വേട്ടയാടപ്പെടുന്ന കാലത്ത്'' അക്ഷരങ്ങൾകൊണ്ടാണ് എനിക്ക് സമരം ചെയ്യാനുള്ളത്'' എന്ന ദുർഗയുടെ വാക്കുകൾ കാലത്തിനു നേരെ പിടിച്ച കണ്ണാടിയാകുന്നു.

പാർശ്വവത്കരിക്കപ്പെട്ടവരോടൊപ്പം ചേർന്ന് നിൽക്കുന്ന എഴുത്തുകാരിയായ ബാങ്ക് ഉദ്യോഗസ്ഥയിലൂടെ (ദുർഗ) നോവലിസ്റ്റ് സ്വയം അനാവരണം ചെയ്യുമ്പോൾ, തീക്ഷ്ണമായ അനുഭവങ്ങളിൽനിന്ന് ഉരുകിയൊലിച്ച വാക്കുകൾ അനുവാചകരിലേക്ക് അതേ തീക്ഷ്ണതയോടെ എത്തുന്നു.

പുറത്തിറങ്ങി ആറുമാസത്തിനുള്ളിൽ മൂന്നാം പതിപ്പിൽ എത്തുകയും തമിഴ്, അറബിക്, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയും ചെയ്ത നോവൽ എന്ന നിലയിലും, 'വായിക്കപ്പെട്ട നോവൽ' എന്ന വിഭാഗത്തിലേക്ക് കാലിഡോസ്കോപ്പിനെ ചേർത്തെഴുതാം.

●




**കലിഡോസ്കോപ്പ് (നോവൽ)**
ഷഹനാസ് എം. എ.
പേജ് :106, വില :140 രൂപ
ഒലിവ് പബ്ലിക്കേഷൻസ്

കവിത




# പ്രണയിക്കാൻ അറിയാത്തവൻ

ആനപ്പുഴക്കൽ അനിൽ


ഉച്ചമയക്കത്തിന്
പോകുന്നതിനുമുമ്പ്
അയാൾ, അടഞ്ഞുകിടന്ന
ജനൽപാളികളിലൊന്ന്
തുറന്നിട്ടു
കുറെനാളായി വരാത്ത
പോസ്റ്റ്മാനെ
ജനൽപാളികൾ
കാത്തിരിപ്പുണ്ടായിരുന്നു
മന്ദാരത്താൽ
ചാരനിറമാർന്ന
പകലിലേക്ക്
ചെടികൾ തലനീട്ടി
എന്തോ പ്രതീക്ഷിക്കുന്നു
കിടക്കയിലേക്കു പോകവേ,
തിരിഞ്ഞുനോക്കിപ്പോയി
മയക്കം കഴിഞ്ഞു
തിരിച്ചുവന്നു നോക്കുമ്പോൾ
പിണങ്ങിപ്പോയ
കാമുകിയുടെ
കല്യാണക്കുറിയും
പ്രസിദ്ധീകരിക്കാതെ
തിരസ്കരിച്ച
പ്രണയകവിതയും
മുറിക്കുള്ളിൽ
രണ്ടുമെടുക്കുമ്പോൾ
ഉള്ളു പറഞ്ഞു
പ്രണയിക്കാൻ അറിയാത്തവൻ
എങ്ങനെ കവിതകളെഴുതും

പുസ്തകം



**സാധിഗ് (നോവൽ)**
വോൾട്ടയർ
വിവ: പി.ആർ. രവി
പേജ്: 302, വില: 280.00
സൈകതം ബുക്സ്

ലോകപ്രശസ്ത എഴുത്തുകാരൻെറ മൂന്ന് നോവലുകളുടെ മലയാള പരിഭാഷ. സാഗിങ്, മാസ്റ്റർ സിമ്പ്ൾ, കാൻഡൈസ് എന്നിവയാണ് നോവലുകൾ.




**പ്രൊഫഷണൽ പൊലീസ്**
ഇന്നലെ ഇന്ന് നാളെ (ചരിത്രം)
ജേക്കബ് പുന്നൂസ്
പേജ്: 160, വില: 190.00
ചിന്ത പബ്ലിക്കേഷൻസ്

'പ്രഫഷനൽ പൊലീസ്' എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുന്നു. പൊലീസുമായി ബന്ധപ്പെട്ട സങ്കൽപനങ്ങളും സമീപനങ്ങളും വിവരിക്കുന്നു.



**വി.കെ. കൃഷ്ണമേനോൻ (ജീവചരിത്രം)**
പ്രതാപൻ തായാട്ട്
പേജ്: 178, വില: 190.00
ഹരിതം ബുക്സ്

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനുവേണ്ടി നിരവധി ത്യാഗങ്ങൾ സഹിച്ച മഹാപുരുഷരിൽ ഒരാളായ വി.കെ. കൃഷ്ണമേനോൻെറ ജീവചരിത്രം. പട്ടിണിയും പരിവട്ടവുമായി കഴിയുമ്പോഴും വലിയൊരു സ്വപ്നമായിരുന്നു ആ മനസ്സുനിറയെ.




**വന്യം (കഥ)**
വിവേക് ചന്ദ്രൻ
പേജ്: 112, വില: 110.00
ഡി.സി ബുക്സ്

ജീവിക്കുന്ന കാലത്തോടുള്ള സത്യപ്രസ്താവങ്ങളാണ് ഇതിലെ ഓരോ കഥകളും. മൗലികവും സ്വതന്ത്രവുമായ അസ്തിത്വം ഓരോ രചനകളും പ്രകടിപ്പിക്കുന്നു.



**പോസിറ്റീവ് ബിരിയാണി 1 (സെൽഫ് ഹെൽപ്)**
അജി മാത്യു കോളൂത്ര
പേജ്: 118, വില: 120.00
ഡി.സി ലൈഫ്

വായനക്കാരന് രുചിയൂറും അനുഭവം സമ്മാനിക്കുന്ന രചന. ജീവിത വിജയത്തിനുള്ള പ്രചോദനവും പ്രേരണയും സമ്മാനിക്കുന്നതാണ് ഇതിലെ ഓരോ വരിയും.



**മദാം മാരി ക്യൂറി (ജീവിതം)**
പി.എം. സിദ്ധാർഥൻ
പേജ്: 176, വില: 200.00
ചിന്ത പബ്ലിഷേഴ്സ്

ശാസ്ത്രലോകത്തിൻെറ ഉന്നതങ്ങളിലെത്തിച്ചേർന്ന മദാം ക്യൂറിയുടെ സംഭവബഹുലമായ ജീവിതം പരിചയപ്പെടുത്തുന്ന പുസ്തകം. അതിജീവനത്തിൻെറ പാഠങ്ങൾ പകരുന്നു.




**ബീജബാങ്കിലെ പെൺകുട്ടി (നോവലെറ്റ്)**
ജി.ആർ. ഇന്ദുഗോപൻ
പേജ്: 200, വില: 200.00
സൈകതം ബുക്സ്

ജീവിതത്തെ പുതുതലമുറ ആസ്വദിക്കുന്ന വിധം പറയുന്ന ബീജബാങ്കിലെ പെൺകുട്ടി, യൗവനത്തിളപ്പിലെ അപകടങ്ങളെക്കുറിച്ച് പറയുന്ന പാശം എന്നീ നോവലെറ്റുകൾ.



**രമേശ് ചെന്നിത്തലയുടെ നിയമസഭാ പ്രസംഗങ്ങൾ**
രമേശ് ചെന്നിത്തല
പേജ്: 378, വില: 300.00
ശ്രേഷ്ഠ പബ്ലിക്കേഷൻസ്

യു.ഡി.എഫ് കേരളം ഭരിച്ച 2011 മുതൽ 2016 വരെയുള്ള പതിമൂന്നാം നിയമസഭയിൽ രമേശ് ചെന്നിത്തല നടത്തിയ പ്രസംഗങ്ങളുടെ സമാഹാരം.


യുദ്ധത്തിൽ തകർക്കപ്പെട്ട, ജനങ്ങൾ ഉപേക്ഷിച്ചുപോയ കാർഗിലിലെ ഇന്ത്യൻ ഗ്രാമം

● ചിത്രം: സുനിൽകുമാർ

യാത്ര

കാർഗിൽ യുദ്ധവിജയത്തിന് 20 വർഷം തികയുകയാണ് ജൂലൈ 26ന്. കാർഗിൽ യുദ്ധഭൂമിയിലൂടെ സഞ്ചരിച്ചതിന്റെ അനുഭവങ്ങൾ കുറിക്കുകയാണ് ലേഖകൻ

സുനിൽകുമാർ

# കാർഗിലിലെ ആളില്ലാ ഗ്രാമങ്ങൾ

കേരളത്തിൽനിന്ന് കശ്മീരിലേക്കുള്ള ബൈക്ക് യാത്രയിലാണ് കാർഗിൽ സന്ദർശിക്കാൻ അവസരം ലഭിച്ചത്. ലേയിൽനിന്നാണ് കാർഗിലേക്ക് യാത്ര തിരിച്ചത്. ലേ- ശ്രീനഗർ ദേശീയപാതയിലാണ് കാർഗിൽ. അവിടേക്ക് പോകണം എന്ന് സുഹൃത്തുക്കളോട് നിർബന്ധം പിടിക്കാൻ ഒരു കാരണംകൂടി ഉണ്ടായിരുന്നു. ആ യുദ്ധത്തിനിടയിലാണ് സുഹൃത്ത് സുബേദാർ നളിനാക്ഷൻ നായർ മരണപ്പെട്ടത്.

ഇരുട്ടുന്നതിനു മുമ്പ് കാർഗിൽ സിറ്റിയിൽ എത്തണമെന്ന ലക്ഷ്യത്തോടെ, ദേശീയപാതയിലൂടെ സാമാന്യം വേഗത്തിലാണ് ബൈക്കോടിച്ചത്. രാത്രിയാത്ര അനുവദനീയമല്ല എന്ന് പട്ടാള അധികൃതർ നേരത്തേ അറിയിച്ചിരുന്നു. എന്നിട്ടും രാത്രി പത്തുമണിയായി കാർഗിലിലെത്താൻ. വിജനമായ റോഡ്, അങ്ങ് താഴെ കാർഗിൽ സിറ്റി വൈദ്യുതി വിളക്കുകളുടെ വെളിച്ചത്തിൽ കാണാം. ഹൈവേയിൽനിന്ന് നഗരത്തിലേക്ക് റോഡ് രണ്ടായി തിരിയുന്നുണ്ട്. ഞങ്ങളുടെ മുമ്പേ പോയ സഹയാത്രികരെ കാണുന്നില്ല, അവർ ഏതു വഴിക്കാണ് തിരിഞ്ഞതെന്നറിയില്ല. നേരത്തേ ബുക്ക് ചെയ്ത ദസപ്പ ഗെസ്റ്റ്ഹൗസിലാണ് രാത്രി ഞങ്ങൾക്ക് തങ്ങേണ്ടത്. അവരേയും ഫോണിൽ ബന്ധപ്പെടാൻ കഴിയുന്നില്ല. പാത പിരിയുന്നിടത്തുനിന്ന് ഒരു റോഡിലൂടെ മുന്നോട്ടു പോയി. സഹയാത്രികരെ ഫോണിൽ ബന്ധപ്പെടാനും കഴിയുന്നില്ല. കുറച്ചുദൂരം പിന്നിട്ടപ്പോൾ ബൈക്ക് നിർത്തി. ആ ഇരുട്ടിലേക്ക് അൽപസമയം കഴിഞ്ഞപ്പോൾ ഒരു വാഹനത്തിന്റെ വെളിച്ചം തുളച്ചുകയറാൻ തുടങ്ങി. അടുത്തെത്തിയപ്പോൾ അതൊരു കാറാണെന്ന് മനസ്സിലായി. കൈ കാണിച്ചപ്പോൾ കാർ നിർത്തി. ഞങ്ങൾ കേരളത്തിൽ നിന്നുള്ള യാത്രക്കാരാണെന്നും ഞങ്ങൾക്ക് പോകേണ്ടതായ ഗെസ്റ്റ് ഹൗസിലേക്കുള്ള വഴി പറഞ്ഞു തരണമെന്നും പറഞ്ഞു. മുൻ സീറ്റിൽ ഡ്രൈവറെ കൂടാതെയിരിക്കുന്ന ആൾ, ഞങ്ങൾ പോകേണ്ടിയിരുന്നത് മറ്റൊരു വഴിക്കാണെന്നും ഇനി ഈ വഴിക്കു തന്നെ അവരെ പിന്തുടരാനും പറഞ്ഞു. ആ സമയത്ത് അവിടെ എത്തപ്പെട്ട ഞങ്ങൾക്ക് രണ്ടു പേർക്കും ഭയമോ ആശങ്കയോ തോന്നിയില്ല. ഒന്നുരണ്ടു കിലോമീറ്ററുകൾ കഴിഞ്ഞപ്പോൾ കാർ ഒരു വീടിനു മുന്നിൽ നിർത്തി. കാറിലുള്ളവർ പുറത്തിറങ്ങി. അപ്പോഴാണ് അവരെ ഞങ്ങൾ ശരിക്കും കാണുന്നത്. രണ്ടു സ്ത്രീകളടക്കമുള്ള ഒരു കശ്മീരി ഫാമിലി. അവർ ഞങ്ങളെ ഭക്ഷണത്തിനായി വീട്ടിലേക്ക് ക്ഷണിച്ചു. സ്നേഹപൂർവം ഞങ്ങൾ ക്ഷണം നിരസിച്ചു. ഞങ്ങളുടെ സഹയാത്രികരായ സുഹൃത്തുക്കൾ ഞങ്ങളെ കാണാതെ വിഷമിക്കുന്നുണ്ടാകുമെന്നും പെട്ടെന്നുതന്നെ അവരുടെ അടുത്തെത്തണമെന്നും പറഞ്ഞ് ഞങ്ങൾ പോകാൻ തിടുക്കം കൂട്ടി. മുതിർന്ന ആൾ ഞങ്ങളെ പരിചയപ്പെട്ടതിൽ ദൈവത്തോട് നന്ദി പറഞ്ഞ് അവരുടെ കാർ ഡ്രൈവറെ കാറുമായി ഞങ്ങൾക്ക് വഴി കാണിക്കാൻ വിട്ടു. കശ്മീർ ജനതയുടെ സ്നേഹവായ്പ് പിന്നീട് യാത്രയിൽ പലയിടത്തും അനുഭവിക്കാൻ ഞങ്ങൾക്ക് ഭാഗ്യമുണ്ടായി.

കാർ ഡ്രൈവർ എത്തിച്ച സ്ഥലത്ത് ഞങ്ങളെ കാത്ത് സഹയാത്രികരും ദസപ്പ ഗെസ്റ്റ് ഹൗസിന്റെ ഉടമ അഷൻ അലിയും നിൽപുണ്ടായിരുന്നു. വാഹനങ്ങൾ താഴെ പാർക്ക് ചെയ്ത് ഒരു ബിൽഡിങ്ങിന്റെ പിന്നിലൂടെയുള്ള ഇടുങ്ങിയ വഴിയിലൂടെ മുകളിലേക്ക് കയറിയാലാണ് ദസപ്പ ഗെസ്റ്റ് ഹൗസിലെത്തുക. ഞങ്ങളുടെ ഭാരം കൂടിയ ബാഗുകളും മറ്റും റൂമിലെത്തിക്കാൻ ഇഹ്സാൻ എന്ന പയ്യനും സഹായിച്ചു. രാത്രിയായതുകൊണ്ട് പുറംകാഴ്ചകളൊന്നും കാണാൻ പറ്റിയില്ല. എങ്ങും നിയോൺ ബൾബിന്റെ മഞ്ഞ വെളിച്ചം മാത്രം.

രണ്ടു നിലകളുള്ള ഒരു വീടാണ് ദസപ്പ ഗെസ്റ്റ് ഹൗസ്. താഴെയുള്ള വിസിറ്റിങ് റൂം കഴിഞ്ഞാൽ വിശാലമായ രണ്ടു മുറികൾ ഞങ്ങൾക്കായി ഒരുക്കിയിട്ടിട്ടുണ്ടായിരുന്നു. മുകളത്തെ നിലയിൽ ഉടമയും കുടുംബവും താമസിക്കുന്നുണ്ടെന്ന് മനസ്സിലായി. റൂം വാടക ഒരാൾക്ക് 200 രൂപയാണ് അവർ ഈടാക്കുന്നത്. മരംകൊണ്ട് ചുമരും മച്ചുമെല്ലാം സീലിങ് ചെയ്ത് നിലത്ത് വർണമനോഹരമായ കശ്മീരി പരവതാനി വിരിച്ച മുറികൾ. ഫർണിച്ചറുകൾ ഇല്ലെന്നുതന്നെ പറയാം. നിലത്തോട് ചേർന്ന കട്ടിലിലാണ് കിടക്കകൾ വിരിച്ചിരിക്കുന്നത്. ഒരു മണിക്കൂറിനകം തന്നെ ഞങ്ങൾ ഓർഡർ ചെയ്ത ഭക്ഷണം അവർ തയാറാക്കി തന്നു.

ഗെസ്റ്റ് ഹൗസ് ഉടമ അഷാൻ അലിയും സഹായിയായ പയ്യൻ ഇഹ്സാനും കേരളത്തിലെ വിശേഷങ്ങൾ അന്വേഷിച്ചറിഞ്ഞു. കേരളത്തിലെ മതസൗഹാർദത്തെ കുറിച്ച് സുഹൃത്ത് കുറച്ച് പൊടിപ്പും തൊങ്ങലും ചേർത്ത് വിവരിക്കുന്നുണ്ടായിരുന്നു. അതൊക്കെ ശരിയാണോ എന്ന് ഇഹ്സാന് സംശയം. പിറ്റേ ദിവസം രാവിലെ പുറത്തിറങ്ങിയപ്പോഴാണ് ഗെസ്റ്റ് ഹൗസിന്റെ ചുറ്റുപാടുമുള്ള കാഴ്ചകൾ കാണുന്നത്. കുറച്ചു ആപ്പിൾ മരങ്ങൾ അവിടേയും കാണുന്നുണ്ടായിരുന്നു. ഇടതൂർന്നു കിടക്കുന്ന മരങ്ങൾ. അപ്പുറത്ത് മഞ്ഞുരുകിയൊലിച്ചുണങ്ങിയ ഒരു മല. പ്രഭാതഭക്ഷണം കഴിച്ച് ഞങ്ങൾ ദസപ്പ ഗെസ്റ്റ് ഹൗസിൽനിന്ന് യാത്ര പറഞ്ഞിറങ്ങി. ബാഗുകൾ ബൈക്കിൽ കെട്ടിവെക്കാൻ ഇഹ്സാനും സഹായിച്ചു. റോഡിൽ ഞങ്ങളെത്തന്നെ നോക്കി പുഞ്ചിരിച്ചു നിൽക്കുന്ന ഒരു കശ്മീർ പൊലീസുകാരനെ കണ്ടു. അദ്ദേഹത്തെ പരിചയപ്പെട്ടു. കൂടെനിന്ന് ഫോട്ടോയെടുത്തു. ഗുലാം റസൂൽ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. യാത്രപറഞ്ഞ് ബൈക്കിൽ കയറാനൊരുങ്ങുമ്പോഴാണ് ഇഹ്സാൻ അൽപം ദൂരെയുള്ള നിയന്ത്രണരേഖയെപ്പറ്റി പറഞ്ഞത്. നിയന്ത്രണരേഖക്കപ്പുറം പാക് അധിനിവേശ കശ്മീരാണ്. നിയന്ത്രണരേഖക്കടുത്തേക്ക് പോകാൻ ഞങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഇഹ്സാൻ കൂടെ വരാമെന്നേറ്റു. ഞങ്ങൾ അഞ്ചു പേർ നിയന്ത്രണരേഖക്കടുത്തേക്ക് യാത്ര തുടർന്നു. 14 കിലോമീറ്ററോളം കുത്തനെയുള്ള കയറ്റമാണ്. ഇടുങ്ങിയ റോഡ്. താഴെ സുറു എന്ന നദി ഇന്ത്യയിൽ നിന്നും പാക് അധിനിവേശ കശ്മീരിലേക്ക് ഒഴുകുന്നു. കുറച്ചു കയറിക്കഴിഞ്ഞപ്പോൾ താഴെ ഇന്ത്യൻ സേനയുടെ ഹെലിപ്പാഡ് കണ്ടു. ചുറ്റും ഉയർന്നുനിൽക്കുന്ന മലനിരകൾ. അവയിലൊക്കെയും മിലിറ്ററി പോസ്റ്റുകൾ കാണാം. കുറച്ചു ദൂരെയായി വീടുകളും പള്ളിയും. അത് പാക്അധീന കശ്മീരാണെന്ന് ഇഹ്സാൻ പറഞ്ഞു. വളരെ സാഹസപ്പെട്ട് റോഡ് അവസാനിക്കുന്നിടത്ത് ഞങ്ങൾ എത്തി. അവിടെ ഒരു ഇന്ത്യൻ പോസ്റ്റ് ഉണ്ടായിരുന്നു. വർഷത്തിൽ ഒമ്പത് മാസവും ഐസ് മൂടിക്കിടക്കുന്ന പർവതങ്ങളാണിവ എന്ന് ഇഹ്സാൻ പറഞ്ഞപ്പോൾ അവിടെ കഴിയുന്ന ജവാന്മാരെ ഓർത്തുപോയി. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ തകർന്നടിഞ്ഞ ഒരു ഗ്രാമത്തിന്റെ ശേഷിപ്പുകൾ കണ്ടു. കാർഗിൽ യുദ്ധകാലത്ത് ഭീകരർ ഒളിച്ചിരുന്ന വീടുകളായിരുന്നു അവ. വെടിവെപ്പിൽ ആ വീടുകളെല്ലാം തകർന്നിരുന്നു. ആ ഗ്രാമത്തിലുള്ളവരെല്ലാം യുദ്ധകാലത്ത് എല്ലാം ഉപേക്ഷിച്ചു പോയവരാണ്. ഞങ്ങൾ കണ്ട ഇന്ത്യൻ പോസ്റ്റിനു മുകളിൽ ഇനിയും പോസ്റ്റുകൾ ഉണ്ടെന്ന് ഇഹ്സാൻ പറഞ്ഞു. അൽപസമയം അവിടെ ചെലവഴിച്ച ശേഷം ഞങ്ങൾ മടങ്ങി. വീണ്ടും ദേശീയപാതയിലൂടെ യാത്ര. അടുത്ത ലക്ഷ്യം കാർഗിൽ യുദ്ധസ്മാരകം സന്ദർശിക്കുക എന്നതായിരുന്നു. പോകുന്ന വഴിക്കൊക്കെ ഇന്ത്യൻ സേനയുടെ പീരങ്കികൾ കാണാമായിരുന്നു.

കാർഗിലിൽനിന്ന് ഏകദേശം 50 കി.മീ ദൂരെ ദ്രാസിലാണ് കാർഗിൽ യുദ്ധസ്മാരകം. കാർഗിൽ പോരാട്ടങ്ങൾ നടന്ന ടൈഗർഹിൽ ഈ ഭാഗത്താണ്. 1999 മേയ് മാസത്തിലാണ് ഇന്ത്യയും പാകിസ്താനും കാർഗിൽ യുദ്ധം തുടങ്ങുന്നത്. ആട്ടിടയന്മാരായ ഗ്രാമവാസികളാണ് ഇന്ത്യൻ ഭാഗത്തേക്ക് നുഴഞ്ഞുകയറിയ പാക് പട്ടാളക്കാരെപ്പറ്റിയുള്ള വിവരം ആദ്യം കൊടുക്കുന്നത്. ഇന്ത്യൻ സൈന്യം ആ ഭാഗത്ത് തിരച്ചിൽ നടത്തുന്നതിനിടെ അഞ്ചു സൈനികരെ പാക് പട്ടാളം വധിച്ചു. തുടർന്ന് ഇന്ത്യൻ ഭാഗത്തേക്ക് തുടർച്ചയായി ഷെല്ലിങ് നടത്തുകയും ഒട്ടേറെ പോസ്റ്റുകൾ തകർക്കപ്പെടുകയും ചെയ്തു. തുടർന്ന് ഇന്ത്യൻ സേന ശക്തമായ പ്രത്യാക്രമണം തുടങ്ങി.1999 മേയ് മൂന്നിന് തുടങ്ങിയ യുദ്ധം ജൂലൈ 26ന് അവസാനിച്ചു. ഔദ്യോഗിക കണക്കു പ്രകാരം 527 ഇന്ത്യൻ ജവാന്മാർ വീരമൃത്യു വരിക്കുകയും 1363 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി. ജൂലൈ 14ന് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ‘ഓപറേഷൻ വിജയ്’ ഇന്ത്യയുടെ വിജയമായി പ്രഖ്യാപിച്ചു. 1999 ജൂലൈ 26 കാർഗിൽ വിജയദിവസമായി അറിയപ്പെടുന്നു. 2019 ജൂലൈയിൽ കാർഗിൽ യുദ്ധം നടന്നിട്ട് 20 വർഷമാകുന്നു.

കാർഗിൽ യുദ്ധ സ്മാരകത്തിലേക്കുള്ള പ്രധാന കവാടം കടന്ന് ഉള്ളിലേക്ക് എത്തുമ്പോൾ മുന്നിൽ വിശാലമായ ഒരു ഉദ്യാനമാണ് ശ്രദ്ധയിൽപ്പെടുന്നത്. മധ്യത്തിലുള്ള നടപ്പാതയിലൂടെ അൽപം മുന്നോട്ടു നടക്കുമ്പോൾ ഇടതുഭാഗത്ത് ഒരു മിഗ് വിമാനവും രണ്ടു വശത്തുമായി പാക് പട്ടാളക്കാരിൽനിന്ന് പിടിച്ചെടുത്ത യന്ത്രത്തോക്കുകളും പ്രദർശിപ്പിച്ചിരിക്കുന്നു. കുറച്ചുകൂടി ചെന്നാൽ കെടാ ദീപം കാണാം. അതിനു പിന്നിലായി വീരമൃത്യു വരിച്ച ധീര ജവാന്മാരുടെ പേരുകൾ കൊത്തിവെച്ച സ്മാരകശിലകൾ അർധവൃത്താകൃതിയിൽ വിന്യസിച്ചിരിക്കുന്നു. നടപ്പാത അവസാനിക്കുന്നിടത്ത് യുദ്ധത്തിൽ വീരമൃത്യു വരിച്ച ജവാന്മാരുടെ പേരുകൾ കൊത്തിവെച്ച മെമോറിയൽ വാൾ. യുദ്ധത്തിന്റെ 13ാം വർഷത്തിൽ സ്ഥാപിച്ച 15 കിലോയോളം ഭാരം വരുന്ന ഇന്ത്യൻ പതാക പാറുന്നത് അത്ഭുതത്തോടെ സന്ദർശകർ നോക്കി നിൽക്കുന്നത് കണ്ടു. വലതു വശത്തായി ക്യാപ്റ്റൻ വിക്രം പാണ്ഡെയുടെ പേരിലുള്ള മ്യൂസിയം. അവിടെ യുദ്ധസമയത്ത് പത്രങ്ങളിൽ വന്ന വാർത്തകളും ചിത്രങ്ങളും പ്രദർശിപ്പിച്ചിരിക്കുന്നു.

യുദ്ധത്തിൽ ഉപയോഗിച്ച ആയുധങ്ങളുടെ മിനിയേച്ചർ രൂപങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. എല്ലാ വിവരങ്ങളും പറഞ്ഞുതരാൻ ഏതാനും സൈനിക ഉദ്യോഗസ്ഥരും അവിടെ തയാറായി നിൽപുണ്ട് . ഉദ്യാനത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി ഒരു സ്റ്റേജ് കാണാം. അവിടെ ഓരോ മണിക്കൂർ ഇടവിട്ട് സന്ദർശകർക്ക് യുദ്ധചരിത്രം വിവരിച്ചുതരാൻ ഒരു സൈനിക ഉദ്യോഗസ്ഥൻ വരും. സന്ദർശകർക്ക് രോമാഞ്ചം ഉളവാക്കുന്ന വിധത്തിലാണ് അദ്ദേഹത്തിന്റെ അവതരണം. അവിടെയൊക്കെ ഞാൻ എന്റെ പ്രിയ സുഹൃത്തിന്റെ ഓർമ ശേഷിപ്പുകൾ തിരഞ്ഞു. എന്നാൽ, അദ്ദേഹത്തിന്റെ പേരോ ചിത്രമോ കണ്ടില്ല. കാർഗിൽ യുദ്ധസ്മാരകത്തിൽനിന്ന് ഞങ്ങൾ മടങ്ങുമ്പോൾ ഉച്ചയായിട്ടുണ്ടായിരുന്നു. വെയിലിന് നല്ല ചൂട് അനുഭവപ്പെട്ടു. വീണ്ടും ദേശീയപാതയിലൂടെ യാത്ര. അടുത്ത ലക്ഷ്യം ശ്രീനഗറാണ്. വിജനമായ റോഡിലൂടെ ഞങ്ങളുടെ ബൈക്കുകൾ സാമാന്യം വേഗത്തിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുമ്പോൾ രണ്ടു വശത്തുമുള്ള മലനിരകളിൽനിന്നും നളിനാക്ഷൻ നായരുടെ ശബ്ദം മുഴങ്ങുന്നതു പോലെ എനിക്കു തോന്നി. •


നിയന്ത്രണ രേഖയിലെ ഇന്ത്യൻ പോസ്റ്റ്


വീരമൃത്യുവരിച്ച ജവാന്മാരുടെ ശവകുടീരങ്ങൾ


യുദ്ധത്തിൽ ഉപയോഗിച്ച പീരങ്കി


യുദ്ധത്തിൽ പിടിച്ചെടുത്ത പീരങ്കി

